2025 OCTOBER
15
WEDNESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# കൊച്ചിൻ ഷിപ്പ്‌യാർഡിന് യൂറോപ്പിൽ നിന്ന് 2000 കോടിയുടെ ഓർഡർ

**കൊച്ചി:** പ്രവർത്തനചരിത്രത്തിലെ പുത്തൻ നാഴികക്കല്ലിലേക്ക് ചുവടുവച്ച് കൊച്ചിൻ ഷിപ്പ്‌യാർഡ്. യൂറോപ്പിലെ ഒരു പ്രമുഖ കമ്പനിയിൽ നിന്ന് 6 ഫീഡർ വെസ്സലുകൾ നിർമിക്കാനായി 2,000 കോടി രൂപയുടെ മെഗാ ഓർഡർ ആണ് കൊച്ചി ആസ്ഥാനമായ ഈ കേന്ദ്ര പൊതുമേഖലാ സ്ഥാപനം സ്വന്തമാക്കിയത്. 1,700 ട്വന്റി ഫുട് ഇക്വിലന്റ് യൂണിറ്റ് ഭാരശേഷിയുള്ള വെസ്സലുകളാണിവ. എൽഎൻജി ആയിരിക്കും ഇന്ധനം.

പരമ്പരാഗത വിഭാഗത്തിലും ബാറ്ററി അധിഷ്ഠിത വിഭാഗത്തിലും വെസ്സലുകൾ നിർമിച്ച് ആഗോളതലത്തിൽ ശ്രദ്ധനേടിയ കൊച്ചി കപ്പൽശാല, ഈ ഓർഡറിന്റെ കരുത്തിൽ ആദ്യമായി എൽഎൻജി അധിഷ്ഠിത കപ്പൽ നിർമാണത്തിലേക്കും കടക്കുകയാണ്. ഓർഡർ ലഭിച്ചതിന്റെ വിശദാംശങ്ങൾ കമ്പനി സ്റ്റോക്ക് എക്സ്ചേഞ്ചുകൾക്ക് നൽകിയ റിപ്പോർട്ടിൽ വ്യക്തമാക്കി. ഓർഡർ സംബന്ധിച്ച ഔദ്യോഗിക കരാർ വൈകാതെ ഒപ്പുവയ്ക്കും. അതേസമയം, ഉപഭോക്തൃകമ്പനിയുടെ പേര് കൊച്ചിൻ ഷിപ്പ്‌യാർഡ് വ്യക്തമാക്കിയിട്ടില്ല. 2,000 രൂപയ്ക്കുമേൽ മൂല്യമുള്ള ഓർഡറുകളെയാണ് മെഗാ ഓർഡറുകൾ എന്നുവിശേഷിപ്പിക്കുന്നത്.




100 കോടി മുതൽ 250 കോടി രൂപവരെയുള്ള ഓർഡറുകൾ നോട്ടബിൾ വിഭാഗത്തിലും 250-500 കോടിയുടേത് സിഗ്നിഫിക്കന്റ് വിഭാഗത്തിലുമാണ്. 500-1000 കോടി മൂല്യമുള്ളവ ലാർജ്, 1000-2000 കോടി മൂല്യമുള്ളവ മേജർ വിഭാഗത്തിലും പെടുന്നു.

രാജ്യത്തെ ഏറ്റവും വലിയ കപ്പൽ നിർമാണ, അറ്റകുറ്റപ്പണിശാലയുമായ കൊച്ചിൻ ഷിപ്പ്‌യാർഡ് സമീപഭാവിയിൽ പ്രതീക്ഷിക്കുന്നത് 2.85 ലക്ഷം കോടി രൂപയുടെ പുതിയ ഓർഡറുകളാണ്. നിലവിൽ ഉപകമ്പനികളുടേത് ഉൾപ്പെടെ മൊത്തം 21,100 കോടി രൂപയുടെ ഓർഡറുകൾ കൈവശമുണ്ട്. ഇതിൽ 19,600 കോടി രൂപയുടേത് പുതിയ വെസ്സലുകൾ നിർമിക്കാനും 1,500 കോടിയുടേത് അറ്റകുറ്റപ്പണികൾക്കുമാണ്.

പ്രതിരോധ മന്ത്രാലയത്തിൽ നിന്നുള്ളതാണ് നിലവിലെ ഓർഡറുകളിൽ 13,700 കോടി രൂപയുടേത്. വിദേശ ഉപഭോക്താക്കൾക്കായി (കൊമേഴ്സ്യൽ എക്സ്പോർട്ട്) കപ്പൽ നിർമിക്കാൻ 4,200 കോടി രൂപയുടെയും ആഭ്യന്തര ഉപഭോക്താക്കൾക്കായി 1,700 കോടി രൂപയുടെയും ഓർഡറുണ്ട്. ഇതിനു പുറമേയാണ് അധികമായി 2.85 ലക്ഷം കോടി രൂപയുടെ ഓർഡറുകളും പ്രതീക്ഷിക്കുന്നത്.

പ്രതീക്ഷിത ഓർഡറുകളിൽ 2.20 ലക്ഷം കോടി രൂപയുടേതും പ്രതിരോധ മേഖലയിൽ നിന്നാണ്. ഇതിൽ 9,500 കോടി രൂപയുടെ പദ്ധതികൾക്കുള്ള ടെൻഡർ സമർപ്പിച്ചു. 750 കോടി രൂപയുടേത് പ്രപ്പോസൽ (ആർഎഫ്പി) ഘട്ടത്തിൽ. 1.29 ലക്ഷം കോടി രൂപയുടെ കരാറുകൾക്കായി ചർച്ചകൾ (ആർഎഫ്ഐ സ്റ്റേജ്) പുരോഗമിക്കുന്നു. ആർഎഫ്ഐ ഘട്ടത്തിലേക്ക് മറ്റൊരു 80,000 കോടി രൂപയുടെ പദ്ധതികളും വൈകാതെ കടക്കും.

വാണിജ്യ രംഗത്തുനിന്ന് പ്രതീക്ഷിക്കുന്നത് 65,000 കോടി രൂപയുടെ ഓർഡറുകൾ. ഇതിൽ 25,000 കോടി രൂപ ഇന്ത്യയിൽനിന്നും 40,000 കോടി രൂപയുടേത് കയറ്റുമതിയുമാണ്. സമയപരിധിക്ക് മുൻപേ ഓർഡറുകൾ പ്രകാരമുള്ള വെസ്സലുകൾ നിർമിച്ചും അറ്റകുറ്റപ്പണി ചെയ്തും നൽകാനാകുന്നത് കൂടുതൽ കയറ്റുമതി ഓർഡറുകൾ ലഭിക്കാനും കമ്പനിക്ക് സഹായകമാകുന്നുണ്ട്. കൊച്ചിൻ ഷിപ്പ്‌യാർഡ് നിലവിൽ നിർമ്മിക്കുന്ന വെസ്സലുകളിൽ 39 ശതമാനവും ഹരിത ഇന്ധനത്തിൽ ആണെന്നതും പ്രത്യേകതയാണ്.

## ഇന്ത്യക്കാരുടെ കൈയിൽ 3.8 ട്രില്യൻ ഡോളറിന്റെ സ്വർണമെന്ന് മോർഗൻ സ്റ്റാൻലി

**ന്യൂദൽഹി:** സ്വർണവില അനുദിനം റെക്കോർഡ് തകർത്ത് കുതിച്ചുകയറിയതോടെ, ഇന്ത്യൻ കുടുംബങ്ങളുടെ കൈവശമുള്ള സ്വർണത്തിന്റെ മൊത്തമൂല്യവും കുത്തനെ കൂടിയെന്ന് യുഎസ് ധനകാര്യ സ്ഥാപനമായ മോർഗൻ സ്റ്റാൻലിയുടെ റിപ്പോർട്ട്. ഏകദേശം 3.8 ട്രില്യൻ ഡോളറിന്റെ (338 ലക്ഷം കോടി രൂപ) സ്വർണം നിലവിൽ ഇന്ത്യക്കാരുടെ കൈയിലുണ്ടെന്നാണ് കരുതുന്നത്. ഇത് ഇന്ത്യയുടെ ജിഡിപിയുടെ 88.8 ശതമാനം വരുമെന്നും റിപ്പോർട്ടിലുണ്ട്.

ദേശീയ വിപണിയിൽ സ്വർണവില 10 ഗ്രാമിന് ഈ വർഷം വില 62 ശതമാനത്തോളം ഉയർന്ന് റെക്കോർഡ് 1.27 ലക്ഷം കോടി രൂപയിൽ എത്തി. രാജ്യാന്തരവില ചരിത്രത്തിൽ ആദ്യമായി ഔൺസിന് 4,000 ഡോളറും കടന്നു. കേരളത്തിൽ പവൻവില 91,100 രൂപയും ഭേദിച്ചു. റിസർവ് ബാങ്കും കരുതൽ ശേഖരത്തിലേക്ക് സ്വർണം വൻതോതിൽ വാങ്ങിക്കൂട്ടുകയാണ്. 2014നെ അപേക്ഷിച്ച് കരുതൽ സ്വർണം 75 ടൺ ഉയർന്ന് 880 ടണ്ണിൽ എത്തിയിരുന്നു.

നിക്ഷേപമെന്ന രീതിയിലും ഇന്ത്യക്കാർക്കിടയിൽ സ്വർണത്തിന് പ്രിയമേറുന്നതായി അസോസിയേഷൻ ഓഫ് മ്യൂചൽഫണ്ട്സ് ഇൻ ഇന്ത്യയുടെ (ആംഫി) റിപ്പോർട്ടും വ്യക്തമാക്കുന്നു. ഗോൾഡ് ഇടിഎഫിലേക്ക് സെപ്റ്റംബറിൽ മാത്രമെത്തിയ നിക്ഷേപം മാസാടിസ്ഥാനത്തിൽ നാലിരട്ടി ഉയർന്ന് 8,363 കോടി രൂപയാണ്. സർവകാല റെക്കോഡാണിത്. ഓഗസ്റ്റിലെത്തിയ 2,189 കോടിയേക്കാൾ 282% അധികം. 2024 സെപ്റ്റംബറിലെ 1,232 കോടി രൂപയുമായി താരതമ്യം ചെയ്താൽ വർധന 578 ശതമാനം. ഗോൾഡ് ഇടിഎഫിലെ മൊത്തം നിക്ഷേപം നിലവിൽ ഓഗസ്റ്റിലെ 72,495 കോടി രൂപയെ അപേക്ഷിച്ച് 90,135 കോടി രൂപയായി.



## വെള്ളി വിലയും കുതിക്കുന്നു; കിലോയ്ക്ക് 1.71 ലക്ഷത്തിനു മുകളിൽ

**ന്യൂഡൽഹി:** ഇന്ത്യയിൽ ദീപാവലി, ധൻതേരസ് എന്നീ ആഘോഷങ്ങൾക്കു മുന്നോടിയായി വെള്ളി വില കുതിച്ചുയരുന്നു. ബുള്ളിയൻ മാർക്കറ്റിലുടനീളം നേട്ടങ്ങൾ രേഖപ്പെടുത്തിയതോടെ വെള്ളിയിൽ നിക്ഷേപകരുടെ താത്പര്യം ഉയർന്നു. ദീപാവലിയും ധൻതേരസും അടുത്തുവരുമ്പോൾ, വെള്ളി വാങ്ങുന്നത് ശുഭസൂചനയായി കണക്കാക്കി പലരും അത് വാങ്ങാൻ ഇഷ്ടപ്പെടുന്നു.

ഇന്ത്യയിലും അന്താരാഷ്ട്ര വിപണികളിലും വെള്ളി വിലയെ സ്വാധീനിക്കുന്ന ഘടകങ്ങൾ നിരവധിയാണ്. വ്യാവസായിക ആവശ്യകതയാണ് വെള്ളി വിലയെ നയിക്കുന്ന പ്രധാന ഘടകങ്ങളിലൊന്ന്. ഇലക്ട്രോണിക്സ്, സൗരോർജം, ഓട്ടോമൊബൈൽ തുടങ്ങിയ നിരവധി ഹൈടെക് മേഖലകൾ നിർമാണത്തിനായി വെള്ളി ഉപയോഗിക്കുന്നു. വെള്ളിയുടെ വ്യാവസായിക ആവശ്യം ഉയരുമ്പോൾ, അത് വെള്ളി വിലയിൽ വലിയ സ്വാധീനം ചെലുത്തുന്നു. എംസിഎക്സ് സ്പോട്ട് പ്രൈസ് ഡെയ്‌ലി ഡാറ്റ പ്രകാരം, ഇന്നലെ വെള്ളി കിലോയ്ക്ക് 1,71,085 രൂപയിലായിരുന്നു വ്യാപാരം. 2025 ഒക്ടോബർ 10 ന് വെള്ളി വില 1,62,432 രൂപയായിരുന്നു, 2025 ഒക്ടോബർ 9 ന് ഇത് 1,58,112 രൂപയിലായിരുന്നു.

ICL
Join ICL, Grow with us
ICL Fincorp
ഗോൾഡ് ലോൺ @ 9%*
വാർഷിക പലിശ
കുറഞ്ഞ പലിശ നിരക്ക്
ഉയർന്ന മൂല്യം | അതിവേഗം
TOLL-FREE : 1800 31 333 53
*As Per EMI Scheme Basis *T&C Apply

## സംരംഭകവർഷം പദ്ധതി: തുടങ്ങിയത് 3.75 ലക്ഷം സംരംഭമെന്ന് മന്ത്രി പി. രാജീവ്

**തൃശൂർ:** സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി മൂന്നു വർഷംകൊണ്ട് കേരളത്തിൽ 3.75 ലക്ഷം പുതിയ സംരംഭങ്ങൾ ആരംഭിച്ചെന്നു മന്ത്രി പി. രാജീവ്. ഇതിൽ 31 ശതമാനവും സ്ത്രീകളുടേതാണ്. ഒരുവർഷം ഒരു ലക്ഷം സംരംഭങ്ങളാണു ലക്ഷ്യമിട്ടതെങ്കിൽ ആറു മാസംകൊണ്ടുതന്നെ ഈ ലക്ഷ്യം പിന്നിട്ടു. കേരള വുമൺ ഓൺട്രപ്രണേഴ്സ് കോൺക്ലേവ് തൃശൂർ ലുലു ഇൻറർനാഷണൽ കൺവൻഷൻ സെന്ററിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു മന്ത്രി.

ഉദ്യം രജിസ്ട്രേഷൻ 2021ൽ ആരംഭിക്കുമ്പോൾ 85,000 ആയിരുന്നെങ്കിൽ ഇപ്പോഴിത് 16.85 ലക്ഷമാണ്. ഇതിൽ പഴയ സംരംഭകരുമുണ്ടെന്നു പറഞ്ഞ മന്ത്രി, കോൺക്ലേവിന് എത്തിയവരോടു നേരിട്ടു കാര്യങ്ങൾ ആരാഞ്ഞു. മേഡ് ഇൻ കേരള പദ്ധതിയുടെ ഭാഗമായി നൻമ ബ്രാൻഡിംഗിലൂടെ ഉത്പന്നങ്ങൾ വിദേശങ്ങളിലേക്കടക്കം കയറ്റുമതി ചെയ്യാൻ കഴിയും. സംസ്ഥാന സർക്കാരിന്റെ അംഗീകാരമുള്ളത് ഗുണമേന്മയുടെ മുദ്രയായി മാറും.

അടുത്ത ഘട്ടത്തിൽ 10,000 സംരംഭങ്ങളെ ഒരുകോടി ടേണോവറിലേക്ക് മാറ്റും. ഇതിൽ 50 ശതമാനം വനിതാ സംരംഭകരായിരിക്കും. മിഷൻ തൗസൻഡ് പദ്ധതിയിലൂടെ ആയിരം സംരംഭങ്ങളെ 100 കോടി ടേണോവറിലേക്കും എത്തിക്കും. 444 സംരംഭങ്ങളെ ഇതിനകം തെരഞ്ഞെടുത്തു.




സർക്കാരിന്റെ കയറ്റുമതി നയത്തിൻറെ ഭാഗമായി ഉത്പന്നങ്ങൾ വിദേശത്തു കൊണ്ടുപോകാൻ സഹായം നൽകും. പ്രാദേശികതലത്തിൽ കെസ്റ്റോറുകൾവഴി ഉത്പന്നങ്ങൾ വിറ്റഴിക്കാൻ കരാറിലെത്തി. ഇതുവരെ 30 കോടിയുടെ ഉത്പന്നങ്ങൾ വിറ്റഴിച്ചു.

ഓൺലൈൻവഴി വിപണനം നടത്താൻ സർക്കാരിന്റെ കെഷോപ്പിയും പകുതിത്തുക സർക്കാർ നൽകുന്ന ഇൻഷ്വറൻസ് പദ്ധതിയും നിലവിലുണ്ട്. സ്ത്രീ സംരംഭകർക്കായി വ്യവസായ പാർക്കും സർക്കാർ പദ്ധതിയിലുണ്ടെന്നും മന്ത്രി പറഞ്ഞു. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീഷ്, വ്യവസായ വകുപ്പ് ഓഫീസർ ഓൺ സ്പെഷൽ ഡ്യൂട്ടി ആനി ജൂല തോമസ്, വ്യവസായ വകുപ്പ് ഡയറക്ടർ പി. വിഷ്ണുരാജ്, കെഎസ്ഐഡിസി എക്സിക്യൂട്ടീവ് ഡയറക്ടർ ആർ. ഹരികൃഷ്ണൻ, ബിപിടി എക്സിക്യൂട്ടീവ് ചെയർമാൻ കെ. അജിത് കുമാർ, ഫിക്കി പ്രതിനിധി ജ്യോതി ദീപക് അശ്വനി എന്നിവർ പങ്കെടുത്തു.



# ഇടുക്കിയിൽ സ്പൈസസ് പാർക്ക് ഒരുങ്ങുന്നു

**തൊടുപുഴ:** വാണിജ്യ വ്യവസായ മേഖലയിൽ ജില്ലയ്ക്ക് മുതൽക്കൂട്ടായി കിൻഫ്ര സ്പൈസസ് പാർക്ക് നിർമാണം പുരോഗമിക്കുന്നു. മുട്ടത്തിനു സമീപം തുടങ്ങനാടാണ് എല്ലാ സൗകര്യങ്ങളോടെയുമുള്ള സ്പൈസസ് പാർക്ക് പ്രവർത്തനസജ്ജമാകുന്നത്.

36 ഏക്കറിലാണ് പാർക്ക് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിൽ 15 ഏക്കറിലെ ഒന്നാംഘട്ടം 2023 ഒക്ടോബറിൽ മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിച്ചിരുന്നു. രണ്ടാം ഘട്ടമാണ് ഇപ്പോൾ നിർമാണം പുരോഗമിക്കുന്നത്. ജില്ലയിൽ ഉത്പാദിപ്പിക്കപ്പെടുന്ന നാണ്യ, സുഗന്ധവിളകൾ മൂല്യവർധിതമാക്കുന്നത് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളാണ് സ്പൈസസ് പാർക്കിൽ ഒരുങ്ങുന്നത്.

നാണ്യവിളകൾക്കും സുഗന്ധവ്യഞ്ജനങ്ങൾക്കും കാർഷിക വിളകൾക്കും ഒരുപോലെ പ്രാധാന്യമുള്ള ജില്ലയിൽ കുരുമുളകും ഏലവും ഇഞ്ചിയും മഞ്ഞളും ജാതിക്കായും ഉൾപ്പെടെയുള്ള വിളകൾ വ്യാപകമായി കൃഷി ചെയ്യുന്നുണ്ട്. എന്നാൽ, വിളകൾക്ക് ആവശ്യമായ വില ലഭിക്കാത്തതിനു കാരണം. മൂല്യവർധിത ഉത്പന്നങ്ങൾ ഉൾപ്പെടെയുള്ളവയുടെ അഭാവമാണ്. ഇതിനുള്ള പരിഹാരമാണ് കിൻഫ്ര സ്പൈസസ് പാർക്കിൽ വരുന്ന വിവിധ വ്യവസായ സംരംഭങ്ങളിലൂടെ ലക്ഷ്യമിടുന്നത്.

ഒരിടത്തുതന്നെ വിളകളുടെ സംഭരണം, സംസ്കരണം, മൂല്യവർധിത ഉത്പന്നങ്ങളുടെ വിതരണം തുടങ്ങിയവ സാധ്യമാകും. ഇതു കാർഷിക വ്യാവസായിക മേഖലയ്ക്ക് ഉണർവു പകരും. ഇതോടൊപ്പം കൂടുതൽ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടും. കൂടുതൽ കമ്പനികളും സാങ്കേതികവിദ്യകളും മേഖലയിലേക്കെത്തുന്നതിനും കാരണമാകും. വിളകളുടെ വില കൂടുന്നതിലൂടെ കർഷകർക്കും ഇതിന്റെ ഗുണഫലങ്ങൾ ലഭ്യമാകും.

ഒന്നാംഘട്ടത്തിലെ 15 ഏക്കറിൽ ഒമ്പത് ഏക്കർ 11 സ്ഥാപനങ്ങൾക്കായി അനുവദിച്ചു. ഇതിലൂടെ മാത്രം 170 കോടിയോളം രൂപയുടെ നിക്ഷേപവും 600 ഓളം തൊഴിലവസരങ്ങളുമാണ് പ്രതീക്ഷിക്കുന്നത്. ഫ്രൂട്സ് വാലി ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി പാർക്കിൽ നിർമാണം ഇതിനകം ആരംഭിച്ചു. അഭിറാം അഗ്രോ ഇൻഡസ്ട്രീസ്, സ്പൈസെൻസ് എന്നിവയും വൈകാതെ നിർമാണം തുടങ്ങും. 21 ഏക്കറിലാണ് രണ്ടാംഘട്ടം. റോഡുകൾ, ജല വൈദ്യുത വിതരണ സൗകര്യങ്ങൾ, ഡ്രെയിനേജ് സംവിധാനം തുടങ്ങിയവയുടെ വികസിപ്പിക്കലാണ് മുഖ്യം. 60 ശതമാനവും പൂർത്തിയായിട്ടുണ്ടെന്ന് അധികൃതർ പറഞ്ഞു.

റോഡ്, ജലസംഭരണി, ചുറ്റുമതിൽ, മലിനജല നിർഗമന സംവിധാനം, സംരക്ഷണഭിത്തി തുടങ്ങിയവയുടെ നിർമാണം പുരോഗമിക്കുകയാണ്. ഒന്നാംഘട്ടത്തിലെ അടിസ്ഥാന സൗകര്യങ്ങൾ രണ്ടാംഘട്ടത്തിലെ ഭൂമിയിൽ അനുവദിക്കുന്ന വ്യവസായങ്ങൾക്കും പ്രയോജനപ്പെടും. ആകെ 23.73 കോടിയാണ് പദ്ധതിച്ചെലവ്. ഇതിൽ 16.78 കോടി ആദ്യഘട്ട പ്രവർത്തനങ്ങൾക്കു ചെലവഴിച്ചു. ജനുവരിയോടെ നിർമാണം പൂർത്തിയാക്കി കമ്പനികൾക്കു സ്ഥലം കൈമാറും.

# തൊഴിൽരംഗത്ത് സ്ത്രീപങ്കാളിത്ത നിരക്ക് ഉയർത്തുക കുടുംബശ്രീയുടെ ലക്ഷ്യം: മന്ത്രി

**തിരുവനന്തപുരം:** കേരളത്തിലെ തൊഴിൽരംഗത്ത് അടുത്ത അഞ്ചുമുതൽ പത്ത് വർഷം വരെയുള്ള കാലയളവിൽ സ്ത്രീകളുടെ പങ്കാളിത്ത നിരക്ക് ഇരുപതിൽ നിന്നും അൻപത് ശതമാനമായി ഉയർത്തുകയെന്നതാണ് കുടുംബശ്രീയുടെ ലക്ഷ്യമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എം ബി രാജേഷ്. നൂതന കുടുംബശ്രീ സംരംഭങ്ങൾ, സാധ്യത, അവലോകനം എന്ന വിഷയത്തിൽ വനിതാ കമ്മീഷൻ സംഘടിപ്പിച്ച മുഖാമുഖം പരിപാടി ജില്ലാ പഞ്ചായത്ത് ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു രാജേഷ്.

പങ്കാളിത്ത നിരക്ക് ഉയരുന്നത് വലിയ മാറ്റങ്ങളാണ് സൃഷ്ടിക്കുക. വീടുകളിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് കുടുംബശ്രീ വഴി അവസരം ഒരുക്കുന്നത് ഇതിന്റെ ഭാഗമായാണ്. മാത്രമല്ല കേരളത്തിലെ ഒഴിഞ്ഞുകിടക്കുന്ന കൂടുതൽ വീടുകൾ സംരംഭക കേന്ദ്രങ്ങളാകണം. ഇതിന് തദ്ദേശസ്ഥാപനങ്ങളുടെ അനുമതി ലഭിക്കുന്നതിന് വേണ്ട നിയമനിർമ്മാണം നടത്തിക്കഴിഞ്ഞു. ഇത്തരം സംരംഭങ്ങൾക്ക് വായ്പയും സബ്സിഡിയും ലഭിക്കും. നിയമവിധേയമായ എല്ലാ സംരംഭങ്ങൾക്കും ലൈസൻസ് നൽകുന്നതിന് വേണ്ട ചട്ടഭേദഗതി ഉടൻ ഉണ്ടാകും. അധികം വൈകാതെ തന്നെ അൻപത് ലക്ഷം അംഗങ്ങൾ എന്ന ലക്ഷ്യത്തിലേക്ക് കുടുബശ്രീ എത്തിച്ചേരുമെന്നും രാജേഷ് പറഞ്ഞു.

ഉപജീവനമാർഗം എന്ന നിലയിൽ ആരംഭിച്ച പ്രസ്ഥാനം ഇന്ന് ഡിജിറ്റൽ




സേവനമേഖലയിലടക്കം കടന്നുകഴിഞ്ഞു. ബ്രാൻഡ് എന്ന നിലയിൽ കുടുംബശ്രീയുടെ വിശ്വസ്യത വലുതാണ്. എല്ലാമേഖലയിൽനിന്നുമുള്ള സ്ത്രീകളും അംഗങ്ങളായ ഹരിതകർമ്മസേനയ്ക്ക് കേരളത്തിൽ ലഭിച്ചുവരുന്ന സ്വീകാര്യത അവരുടെ പ്രവർത്തനമികവിനുള്ള അംഗീകാരമാണ്. കഴിവിനും അഭിരുചിക്കും അനുസൃതമായി സംരംഭങ്ങൾ ആരംഭിക്കുന്നതിന് വേണ്ട നൈപുണ്യ പരിശീലനമാണ് കുടുംബശ്രീ ഇപ്പോൾ നൽകിവരുന്നത്. മാറ്റങ്ങൾക്കനുസരിച്ച് പുതിയ സാധ്യതകളും അവസരങ്ങളും കണ്ടെത്താനാണ് ശ്രമിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

പരിപാടിയിൽ വനിതാകമ്മീഷൻ ചെയർപേഴ്സൺ അഡ്വ. പി. സതീദേവി അധ്യക്ഷത വഹിച്ചു. യുവതികൾക്കായി പുതിയ തൊഴിൽ സാധ്യതകൾ കണ്ടെത്തുന്നതിനും അവ ഫലപ്രദമായി നടപ്പാക്കുന്നതിന്റെയും ഭാഗമായിട്ടാണ് കമ്മീഷൻ മുഖാമുഖം പരിപാടി സംഘടിപ്പിക്കുന്നതെന്ന് അധ്യക്ഷ പറഞ്ഞു. പരമ്പരാഗത തൊഴിൽ മേഖലകളിലൊതുങ്ങിയിരുന്ന സ്ത്രീകൾ ഇന്ന് കുടുംബശ്രീയുടെ സഹായത്തോടെ നൂതന സംരംഭങ്ങൾ ആരംഭിച്ച് തങ്ങളുടെ കഴിവ് തെളിയിച്ചുകഴിഞ്ഞു. വിവിധ പദ്ധതികളുടെ ഗുണഫലം സ്ത്രീകളിലേക്ക് എത്തിക്കുകയെന്നതും പരിപാടിയുടെ ലക്ഷ്യമാണെന്ന് അവർ കൂട്ടിച്ചേർത്തു. കുടുംബശ്രീ സംസ്ഥാന മിഷൻ ചീഫ് ഓപ്പറേറ്റിങ് ഓഫീസർ നവീൻ. സി വിഷയാവതരണം നടത്തി. കമ്മീഷൻ മെമ്പർ സെക്രട്ടറി വൈ. ബി. ബീന സ്വാഗതം ആശംസിച്ചു. കമ്മീഷൻ ഡയറക്ടർ ഷാജി സുഗുണൻ, കുടുംബശ്രീ ജില്ലാ മിഷൻ ഓഫീസർ രമേശ്. ജി, റിസർച്ച് ഓഫീസർ അർച്ചന എ. ആർ തുടങ്ങിയവർ പങ്കെടുത്തു. മുഖാമുഖം പരിപാടിയുടെ മൂന്നാം ദിനമായ ഇന്ന് രാവിലെ പത്തിന് സ്ത്രീശാക്തീകരണം ഉത്തരവാദിത്ത ടൂറിസത്തിലൂടെ എന്ന വിഷയത്തിൽ ചർച്ച നടക്കും. ജില്ലാപഞ്ചായത്ത് ഹാളിൽ നടക്കുന്ന പരിപാടി പൊതുമരാമത്ത്, മന്ത്രി പി. എ മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും.



**റോട്ടറി കൊച്ചിൻ മിഡ് ടൗണിന്റെ സഹകരണത്തോടെ വെണ്ണല പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ കുട്ടികൾക്ക് പൾസ് പോളിയോ പ്രതിരോധ കുത്തിവെയ്പ് നൽകിയപ്പോൾ. റോട്ടറി കൊച്ചിൻ മിഡ് ടൗൺ പ്രസിഡന്റ് അഡ്വ. പി. ഗോപകുമാർ, ഡോ.അർഫാസ് തുടങ്ങിയവർ സമീപം**

# പ്രതിരോധ കുത്തിവെയ്പ് നൽകി

**കൊച്ചി:** വെണ്ണല പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ റോട്ടറി കൊച്ചിൻ മിഡ് ടൗണിന്റെ സഹകരണത്തോടെ കുട്ടികൾക്ക് പൾസ് പോളിയോ പ്രതിരോധ കുത്തിവെയ്പ് നൽകി. റോട്ടറി കൊച്ചിൻ മിഡ് ടൗൺ പ്രസിഡന്റ് അഡ്വ. പി. ഗോപകുമാർ ഉദ്ഘാടനം ചെയ്തു. ഡോ. അർഫാസ് പ്രതിരോധ കുത്തിവെയ്പിന് നേതൃത്വം നൽകി.

# ചിട്ടി ഫണ്ട് അസോസിയേഷൻ: ഭാരവാഹികളെ തിരഞ്ഞെടുത്തു




**എം. സി പോൾസൺ, ദൊമിയാനോസ് തുണ്ടിപ്പറമ്പിൽ**

**കൊച്ചി:** ആൾ കേരള അസോസിഷേൻ ഓഫ് ചിട്ടി ഫണ്ട് എറണാകുളം ജില്ലാ പ്രസിഡന്റായി എം. സി പോൾസൺ, സെക്രട്ടറിയായി ദൊമിയാനോസ് തുണ്ടിപ്പറമ്പിൽ, ട്രഷറർ ആയി ജോജി മാണിക്കനാം പറമ്പിൽ എന്നിവരെ തിരഞ്ഞെടുത്തു. സിജു നടുവിലവീട്ടിൽ, സി.ജി ബാബു, ജീസൺ വർഗീസ് (വൈസ് പ്രസിഡന്റുമാർ), സദാനന്ദൻ, ജോസ് വട്ടത്തറ ( ജോയിന്റ് സെക്രട്ടറിമാർ) എന്നിവരാണ് മറ്റു ഭാരവാഹികൾ. സംസ്ഥാന പ്രസിഡന്റ് ഗീവർഗ്ഗീസ് ബാബു യോഗം ഉദ്ഘാടനം ചെയ്തു.

# സീനിയർ ഫുട്ബോൾ: കാസർഗോഡ് ക്വാർട്ടർ ഫൈനലിൽ

**കൊച്ചി:** എറണാകുളം മഹാരാജാസ് കോളജ് ഗ്രൗണ്ടിൽ ആരംഭിച്ച സംസ്ഥാന സീനിയർ ഫുട്ബോൾ ചാമ്പ്യൻഷിപ്പിന്റെ ആദ്യദിനം കാസർഗോഡിന് ജയം. ജയത്തോടെ ക്വാർട്ടർ ഫൈനലിലും ടീം ഇടംനേടി.

രാവിലെ ഉദ്ഘാടന മത്സരത്തിൽ വയനാടിനെ പെനൽറ്റി ഷൂട്ടൗട്ടിലാണ് (5–3) കാസർഗോഡ് കീഴടക്കിയത്. ആദ്യപകുതിയിൽ രണ്ട് ഗോളിന് പിന്നിൽ നിന്ന ശേഷമായിരുന്നു മുൻ ചാമ്പ്യൻമാരുടെ തിരിച്ചുവരവ്. നിശ്ചിത സമയത്ത് ഇരുടീമുകളും തുല്യത പാലിച്ചതിനാൽ (2–2) കളി പെനൽറ്റി ഷൂട്ടൗട്ടിലേക്ക് നീങ്ങുകയായിരുന്നു. 11–ാം മിനിറ്റിൽ തന്നെ മുഹമ്മദ് നിഹാൽ വയനാടിന് മുൻതൂക്കം നൽകി. 42–ാം മിനിറ്റിൽ ഉജ്ജ്വലമായൊരു ഫ്രീകിക്ക് ഗോളിലൂടെ മുഹമ്മദ് അമീൻ ലീഡ് ഇരട്ടിയാക്കി. രണ്ടാം പകുതിയിൽ ആക്രമിച്ചു കളിച്ച കാസർഗോഡ് ദാനഗോളിലൂടെയാണ് ലീഡ് കുറച്ചത്. 66ാം മിനിറ്റിൽ അമീൻ ചുവപ്പുകാർഡുമായി മടങ്ങിയതോടെ വയനാട് കൂടുതൽ സമ്മർദത്തിലായി.

83ാം മിനിറ്റിൽ അബൂബക്കർ ദിൽഷാദിന്റെ അതിമനോഹര ഫ്രീകിക്ക് ഗോളിൽ ഒപ്പംപിടിച്ച കാസർഗോഡ് ഷൂട്ടൗട്ടിൽ പിഴയ്ക്കാതെ ജയം സ്വന്തമാക്കുകകയായിരുന്നു. ഇന്ന് വൈകിട്ട് 3.45ന് നടക്കുന്ന ആദ്യക്വാർട്ടറിൽ കോട്ടയമാണ് കാസർഗോഡിന്റെ എതിരാളികൾ. രാവിലെ 7.30ന് കൊല്ലം തൃശൂരിനെ നേരിടും.

എറണാകുളം ജില്ലാ ഒളിമ്പിക് അസോസിയേഷൻ പ്രസിഡന്റ് ഡെന്നിസ് തോമസ് ചാമ്പ്യൻഷിപ്പ് ഉദ്ഘാടനം ചെയ്തു. കെഎഫ്എ പ്രസിഡന്റ് നവാസ് മീരാൻ, സെക്രട്ടറി ഷാജി കുര്യൻ, ചാമ്പ്യൻഷിപ്പ് ഓർഗനൈസിങ് സെക്രട്ടറി പി.അനിൽകുമാർ, ഡിഎഫ്എ സെക്രട്ടറി വിജു ചൂളയ്ക്കൽ തുടങ്ങിയവർ പങ്കെടുത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# പ്രൈം വോളിബോൾ ലീഗ്: കാലിക്കറ്റ് ഹീറോസിന് ഇന്ന് നിർണായകം

**ഹൈദരാബാദ്:** ആർ.ആർ കാബെൽ പ്രൈം വോളിബോൾ ലീഗ് നാലാം സീസണിൽ ഇന്ന് കാലിക്കറ്റ് ഹീറോസിന് നിർണായക മത്സരം. രാത്രി 8.30ന് നടക്കുന്ന മത്സരത്തിൽ കരുത്തരായ ബംഗളൂരു ടോർപ്പിഡോസ് ആണ് എതിരാളികൾ. ഇതുവരെ കളിച്ച നാല് മത്സരങ്ങളും തോറ്റ നിലവിലെ ചാമ്പ്യന്മാരായ കാലിക്കറ്റ് ഹീറോസ് പോയിന്റ് പട്ടികയിൽ ഏറ്റവും അവസാന സ്ഥാനത്താണ്.

ഇനിയുള്ള മൂന്ന് മത്സരങ്ങളും നേരിട്ടുള്ള സെറ്റുകൾക്ക് ജയിച്ചാൽ മാത്രമേ കാലിക്കറ്റിന് സെമി സാധ്യതയുള്ളു. ഇന്ന് തോൽവിയാണ് ഫലമെങ്കിൽ ഹീറോസ് സെമി കാണാതെ പുറത്തുപോവും. അതേസമയം അപരാജിതരായാണ് ബംഗളൂരു ടോർപിഡോസിന്റെ കുതിപ്പ്. നാലിൽ നാലും ജയിച്ച ടീം, പോയിന്റ് പട്ടികയിലും ഒന്നാമതാണ്. തിങ്കളാഴ്ച നടന്ന മത്സരത്തിൽ നാല് സെറ്റ് കളിയിൽ ചെന്നൈ ബ്ലിറ്റ്സിനെയാണ് അവർ കീഴടക്കിയത്. സ്കോർ: 17-15, 14-16, 17-15, 16-14. ജോയെൽ ബെഞ്ചമിൻ ആണ് കളിയിലെ താരം. ജെറോവിനിതും ലൂയിസ് ഫിലിപെ പെറോറ്റോയും മികച്ച തുടക്കമാണ് ചെന്നൈക്ക് നൽകിയത്. വളരെ വേഗത്തിൽ അവർ പോയിന്റുകൾ നേടി. തരുൺ ഗൗഡ സെറ്റർ സമീറുമായി ചേർന്ന് ചെന്നൈയുടെ ആക്രമണം കരുത്തുറ്റതാക്കി. എന്നാൽ ജോയെലിന്റെയും സേതുവിന്റെയും പ്രത്യാക്രമണങ്ങളിലൂടെയായിരുന്നു ബംഗളൂരുവിന്റെ തിരിച്ചുവരവ്. പ്രതിരോധത്തിലും അവർ മിന്നി. മുജീബും ജിഷ്ണുവും നിതിൻ മൻഹാസും ചേർന്ന് കളി ബംഗളൂരുവിന്റെ വരുതിയിലാക്കി. പ്രതിരോധം ശക്തമായതോടെ പോയിന്റുകൾ നേടാൻ ചെന്നൈ കഷ്ടപ്പെട്ടു. ബംഗളൂരുവിനായി ലിബെറോ മിഥുൻ കുമാറാണ് മികച്ച പ്രതിരോധം പുറത്തെടുത്തത്. അതേസമയം, ക്യാപ്റ്റൻ മാത്യു വെസ്റ്റ് ഒന്നാന്തരം പാസുകളിലൂടെ ലക്ഷ്യം നേടുകയും ചെയ്തു. ചെന്നൈയുടെ ആശ്രയം ജെറോമും പെറോറ്റോയുമായിരുന്നു. തിരിച്ചുവരവ് അവരിൽ കൂടി ചെന്നൈ കണ്ടു. ബംഗളൂരുവിന്റെ ഒന്നുരണ്ട് പിഴവുകളും അതിന് സഹായകരമായി. ബ്ലോക്കർ ആദിത്യ റാണയുടെ സാന്നിധ്യം ചെന്നൈക്ക് ആത്മവിശ്വാസം പകർന്നു. ഇതോടെ ചെന്നൈ കളി പിടിക്കാൻ തുടങ്ങി. പക്ഷേ, പെന്റോസിന്റെ നിർണായക സമയത്തുള്ള പോയിന്റ് ബംഗളൂരുവിനെ കളിയിലേക്ക് തിരിച്ചുകൊണ്ടുവരികയായിരുന്നു.

# അംഗൻവാടി മുതൽ മുഴുവൻ സർക്കാർ കേന്ദ്രങ്ങളും മികവിലേക്ക് ഉയർത്തിയെന്ന് മന്ത്രി

**നെടുമങ്ങാട്:** അംഗൻവാടി മുതൽ ഹയർസെക്കൻഡറി വരെയുള്ള സ്കൂളുകളും കേരളത്തിലെ മറ്റു സർക്കാർ കേന്ദ്രങ്ങളും പിണറായി സർക്കാർ മികവിലേക്ക് ഉയർത്തിയെന്ന് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി.ആർ അനിൽ. നെടുമങ്ങാട് നഗരസഭ വികസന സദസ്സ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

നഗരസഭയുടെ വികസന രേഖ തഹസീൽദാർ ഷാജുവിന് നൽകി മന്ത്രി പ്രകാശനം ചെയ്തു. സംസ്ഥാന സർക്കാരിന്റെ വികസന നേട്ടങ്ങൾ കോർത്തിണക്കിയ വീഡിയോ സദസ്സിൽ പ്രദർശിപ്പിച്ചു.

ഈ കാലയളവിൽ സർക്കാർ നടപ്പിലാക്കിയ മുഴുവൻ ക്ഷേമപദ്ധതികളും കാര്യക്ഷമമായി തന്നെ നടപ്പിലാക്കിയിട്ടുണ്ട്. നെടുമങ്ങാട് നഗരസഭയിൽ വയോജനങ്ങൾക്കായി 7 കേന്ദ്രങ്ങൾ നഗരസഭയുടെ നേതൃത്വത്തിൽ നിർമ്മിച്ചു. അതിദരിദ്രരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തുന്ന പ്രവർത്തനത്തിൽ സർക്കാരിനൊപ്പം തന്നെ പ്രവർത്തിക്കാൻ നഗരസഭക്ക് സാധിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

നെടുമങ്ങാട് ടൗൺ ഹാളിൽ നടന്ന ചടങ്ങിൽ നെടുമങ്ങാട് നഗരസഭ ചെയർപേഴ്സൺ സി. എസ്.ശ്രീജ അധ്യക്ഷത വഹിച്ചു. വൈസ് ചെയർമാൻ എസ്. രവീന്ദ്രൻ, പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ പി. ഹരികേശവൻ നായർ, വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൻ എസ്.സിന്ധു, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ബി. സതീശൻ എന്നിവർ പങ്കെടുത്തു.

വികസനസദസ്സിന്റെ പ്രാധാന ഭാഗമായ ഓപ്പൺ ഫോറത്തിൽ ജനങ്ങൾ ക്രിയാത്മകമായ പല നിർദേശങ്ങളും മുന്നോട്ടുവച്ചു. നിർദേശങ്ങളും സമഗ്രമായ ചർച്ചകളും ഓപ്പൺ ഫോറത്തിൽ നടന്നു. നഗരവികസനത്തിന്റെ വിവിധ മേഖലകളിൽ നിന്നുള്ള പ്രശ്നങ്ങളും സാധ്യതകളും ചർച്ചയിൽ പ്രധാന വിഷയങ്ങളായി. മാലിന്യങ്ങൾ വലിച്ചെറിയുന്ന സാഹചര്യം ഇല്ലാതാക്കുക, തെരുവുനായ ശല്യം, നഗരത്തിലെ പാർക്കിംഗ് പ്രശ്നം പരിഹരിക്കൽ, ചെറിയ റോഡുകളുടെ നവീകരണങ്ങൾ വളരെ വേഗത്തിൽ പൂർത്തിയാക്കുക, പൈതൃക കേന്ദ്രങ്ങൾ പരിപാലിക്കുന്നതിൽ ശ്രദ്ധ പുലർത്തുക, വയോജനങ്ങൾക്കായി ഒരു പൊതു സാംസ്കാരിക ഹബ്ബ് നിർമിക്കുക തുടങ്ങിയ നിർദേശങ്ങൾ ഓപ്പൺ ഫോറത്തിന്റെ ഭാഗമായി ചർച്ചയിൽ വന്നു.

നെടുമങ്ങാട് നഗരസഭ നടപ്പിലാക്കിയ വിവിധ വയോജന സൗഹൃദ പദ്ധതികൾക്ക് കേരള സംസ്ഥാന വയോസേവന പുരസ്കാരം ലഭിച്ചു. വയോജനങ്ങൾക്കായുള്ള വാതിൽപടി സേവനങ്ങൾ, നഗരസഭയിൽ ആരംഭിച്ച വയോക്ലബുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ നഗരസഭയുടെ ഭാഗമായി നടത്തി വരുന്നുണ്ട്.

നെടുമങ്ങാട് നഗരസഭ കഴിഞ്ഞ 5 വർഷ കാലയളവിൽ നാലായിരത്തിലധികം ലൈഫ് വീടുകൾ നിർമിച്ചു നൽകി. അതിദാരിദ്രരില്ലാത്ത നഗരസഭയായി ഉടൻ പ്രഖ്യാപനം ഉണ്ടാകും. 39 വാർഡുകളിലും യോഗ കേന്ദ്രങ്ങൾ ആരംഭിച്ചുകൊണ്ട് സമ്പൂർണ യോഗ നഗരസഭയായി. അമൃത് പദ്ധതിയുടെ ഭാഗമായി നഗരസഭയിൽ 3000 കുടുംബങ്ങൾക്ക് സൗജന്യ കുടിവെള്ള കണക്ഷൻ ലഭ്യമാക്കി. വനിതകൾക്കായി നഗരസഭ ടൗൺഹാളിന് സമീപം പെണ്ണിടം എന്ന കേന്ദ്രം നിർമിച്ചു. അത്തരത്തിൽ പലതരം ജനക്ഷേമ പ്രവർത്തനങ്ങൾ കഴിഞ്ഞ 10 വർഷ കാലയളവിൽ നെടുമങ്ങാട് നഗരസഭയിൽ നടപ്പിലാക്കി എന്നതും വികസന സദസ്സിൽ ചർച്ചയായി.

# പുനർഗേഹം ഫ്ളാറ്റുകൾ നാലു മാസത്തിനുള്ളിൽ കൈമാറാൻ നടപടി: മന്ത്രി സജി ചെറിയാൻ

**ആലപ്പുഴ:** പുനർഗേഹം പദ്ധതിയുടെ ഭാഗമായി തോട്ടപ്പള്ളി മണ്ണുംപുറത്ത് നിർമ്മിക്കുന്ന ഫ്ളാറ്റുകളുടെ അവശേഷിക്കുന്ന പണികൾ ഉടൻ പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് നാലുമാസത്തിനുള്ളിൽ കൈമാറാനുള്ള നടപടി സ്വീകരിക്കുമെന്ന് ഫിഷറീസ്, സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ പറഞ്ഞു.

തോട്ടപ്പള്ളി മത്സ്യഗ്രാമം മൾട്ടിപർപ്പസ് ഫിഷറീസ് സെന്ററിന്റെ നിർമ്മാണോദ്ഘാടനം മണ്ണുംപുറത്ത് നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. 204 ഫ്ളാറ്റുകളുടെ നിർമ്മാണ പുരോഗതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി വിലയിരുത്തിയെന്നും ഇവിടെയുള്ള അഞ്ച് കെട്ടിടങ്ങളും സമയബന്ധിതമായി പൂർത്തിയാക്കി നാലു മാസത്തിനുള്ളിൽ കൈമാറാൻ സാധിക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയതായും മന്ത്രി പറഞ്ഞു. എച്ച് സലാം എംഎൽഎ അധ്യക്ഷനായി. തീരദേശത്തെ സാധാരണ ജനങ്ങളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിന് മികച്ച രീതിയിൽ ഇടപെടാൻ സംസ്ഥാന സർക്കാരിന് സാധിച്ചു. സംസ്ഥാനത്ത് പുനർഗേഹം പദ്ധതിയുടെ ഭാഗമായി ഏറ്റവും കൂടുതൽ വീടുകൾ നിർമ്മിച്ചു കൊടുത്തത് അമ്പലപ്പുഴ മണ്ഡലത്തിൽ ആണെന്നും എം എൽ എ പറഞ്ഞു.

അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഷീബ രാകേഷ്, കെ എ സ് സി എ ഡി സി മാനേജിംഗ് ഡയറക്ടർ പി ഐ ഷേയ്ക് പരീത്, പുറക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ എസ് സുദർശനൻ, വൈസ് പ്രസിഡന്റ് വിഎസ് മായാദേവി, സ്ഥിരം സമിതി അംഗങ്ങളായ കെ രാജീവൻ ജിനുരാജ്, പ്രിയ അജേഷ്, ഗ്രാമപഞ്ചായത്ത് അംഗം ലീന രജനീഷ്, അമ്പലപ്പുഴ ബ്ലോക്ക് ഡിവിഷൻ അംഗം ആർ രാജി, ഫിഷറീസ് അഡീഷണൽ ഡയറക്ടർ സ്മിത ആർ നായർ, ഫിഷറീസ് ജോയിന്റ് ഡയറക്ടർ ആർ അമ്പിളി, ഫിഷറീസ് ഡിഡി പ്രശാന്ത് തുടങ്ങിയവർ പങ്കെടുത്തു.

# ബാങ്കേഴ്സ് മീറ്റ് സംഘടിപ്പിക്കുന്നു

**കൊച്ചി:** കണയന്നൂർ താലൂക്ക് വ്യവസായ ഓഫീസിന്റെ ആഭിമുഖ്യത്തിൽ ബാങ്കേഴ്സ് മീറ്റ് സംഘടിപ്പിക്കുന്നു. ഒക്ടോബർ 15 രാവിലെ 10 ന് പത്തടിപ്പാലം പി.ഡബ്ല്യൂ.ഡി റസ്റ്റ് ഹൗസിലാണ് ബാങ്കേഴ്സ് മീറ്റ്. കേന്ദ്ര ഗവൺമെന്റിന്റെ റാംപ് (റൈസിങ് ആൻഡ് അക്സെലിറേറ്റിംഗ് എം എസ് എം ഇ) സ്കീമിന്റെ ഭാഗമായാണ് പരിപാടി സംഘടിപ്പിക്കുന്നത്.

വിവിധ ബാങ്ക് പ്രതിനിധികൾ പരിപാടിയിൽ പങ്കെടുക്കും. പരിപാടിയിൽ സംരംഭകർക്കു പദ്ധതികൾ പരിചയപ്പെടുത്തുകയും, പുതിയ എം എസ് എം ഇ ലോൺ അപേക്ഷകൾ സ്വീകരിക്കുന്നതുമാണ് . പുതിയ സംരംഭകർക്ക് ഉദ്യം, കെ സ്വിഫ്റ്റ് രജിസ്ട്രേഷൻ ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കും. ബാങ്കുകളുമായി നേരിട്ട് ചർച്ച നടത്താനുള്ള അവസരവും ലഭിക്കും. സംരംഭകർ, സ്റ്റാർട്ട് അപ് സംരംഭകർ, സ്വയം തൊഴിൽ മേഖലയിലുള്ള പ്രൊഫഷനലുകൾ, സംരംഭം വിപുലീകരിക്കാൻ താൽപ്പര്യമുള്ളവർ മുതലായവർക്കു പങ്കെടുക്കാം. പ്രവേശനം സൗജന്യമാണ്.

കോർപറേഷൻ 9400666903, മുളന്തുരുത്തി 9446577578, കളമശ്ശേരി 9495635919, ഇടപ്പള്ളി/ തൃക്കാക്കര 9188770590 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

# സീനിയർ ഫാർമസിസ്റ്റ് തസ്തികയിലേക്ക് കരാറടിസ്ഥാനത്തിൽ നിയമനം

**ആലപ്പുഴ:** ഗവ. ടി ഡി മെഡിക്കൽ കോളേജ് ആശുപത്രി വികസന സൊസൈറ്റിയുടെ കീഴിൽ പുതിയതായി ആരംഭിക്കുന്ന ഫാർമസി പേയിങ് കൗണ്ടറിലേക്ക് സീനിയർ ഫാർമസിസ്റ്റ് തസ്തികയിലേക്ക് താൽകാലിക നിയമനം നടത്തും.

ഫാർമസി ബിരുദം / ഡിപ്ലോമ, അഞ്ച് വർഷം പ്രവർത്തി പരിചയവുമുള്ളവർക്ക് അപേക്ഷിക്കാം. സർക്കാർ/അർദ്ധസർക്കാർ/കോർപ്പറേഷനുകൾ/സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും ലഭിച്ച പ്രവർത്തി പരിചയം അഭികാമ്യം. സൂപ്പർവൈസർ തസ്തികയിൽ സേവനമനുഷ്ഠിച്ച ഫാർമസിസ്റ്റുകൾക്ക് മുൻഗണന. പ്രായപരിധി 50 വയസ്സ്. താൽപര്യമുള്ളവർ യോഗ്യത, വയസ്സ്, പ്രവർത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് അടക്കമുള്ള അപേക്ഷകൾ ഒക്ടോബർ 28 വൈകിട്ട് അഞ്ച് മണിക്ക് മുമ്പായി മെഡിക്കൽ കോളേജ് ആശുപത്രി വികസന സൊസൈറ്റി ഓഫീസിൽ സമർപ്പിക്കണം. കവറിനു പുറത്ത് തസ്തികയുടെ പേര് എഴുതണം. ഫോൺ: 0477-2282021.

# വിഷൻ 31 സംസ്ഥാനതല കാർഷിക ശില്പശാല 25ന് ആലപ്പുഴയിൽ

**ആലപ്പുഴ:** വിഷൻ 31 സംസ്ഥാനതല കാർഷിക ശില്പശാല ഒക്ടോബർ 25ന് ആലപ്പുഴയിൽ സംഘടിപ്പിക്കും. ഇതിന് മുന്നോടിയായുള്ള സ്വാഗത സംഘ രൂപീകരണ യോഗം ഒക്ടോബർ 15 ന് രാവിലെ 11 മണിക്ക് അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ ചേരും. കൃഷിവകുപ്പ് മന്ത്രി പി പ്രസാദ് അധ്യക്ഷത വഹിക്കും. ജില്ലാ കാർഷിക വികസന സമിതി അംഗങ്ങളും പങ്കെടുക്കണം.

# കെസിബിസി മഹാജൂബിലി ആഘോഷം: കമ്മറ്റികൾ രൂപീകരിച്ചു

**കൊച്ചി:** ആഗോള സഭ പ്രഖ്യാപിച്ചിരിക്കുന്ന 2025 മഹാജൂബിലി വർഷത്തിന്റെ കേരള കത്തോലിക്കാ സഭയിലെ സമാപനം ഡിസംബർ 13 നു ചാലക്കുടി ഡിവൈൻ ധ്യാനകേന്ദ്രത്തിൽ വെച്ച് സമുചിതമായി ആഘോഷിക്കുവാൻ കേരള മെത്രാൻ സംഘം തീരുമാനിച്ചു. സമാപന ആഘോഷത്തോടനുബന്ധിച്ചുള്ള പതിനൊന്ന് കമ്മറ്റികളുടെ പ്രഥമയോഗം സഭാ കാര്യാലയമായ എറണാകുളം പി ഒ സിയിൽ വെച്ച് നടന്നു.

കെസിബിസി സെക്രട്ടറി ജനറൽ ബിഷപ്പ് അലക്സ് വടക്കുംതല അധ്യക്ഷത വഹിച്ച യോഗത്തിൽ ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. തോമസ് തറയിൽ മോഡറേറ്ററായിരുന്നു. കേരളത്തിലെ മൂന്ന് റീത്തുകളിലെയും പ്രതിനിധികൾ ഉൾപ്പെടുന്ന വിവിധ വർക്കിംഗ് കമ്മറ്റികൾ പ്രസ്തുത യോഗത്തിൽ രൂപീകരിച്ചു. കേരള സഭയെ പ്രതിനിധീകരിച്ച് 32 രൂപതകളിൽ നിന്നും വിവിധ സന്യാസ സമൂഹങ്ങളിൽ നിന്നും 3000ത്തോളം വിശ്വാസികൾ പങ്കെടുക്കുന്ന മഹാസംഗമത്തിൽ പ്രത്യാശയുടെ തീർത്ഥാടകർ എന്ന ജൂബിലി ആപ്തവാക്യത്തെ അടിസ്ഥാനമാക്കി വിവിധ സെമിനാറുകളും പൊതുസമ്മേളനവും വിശുദ്ധ കുർബാനയും ഉണ്ടായിരിക്കും. സമ്മേളനത്തിന്റെ സുഗമമായ നടത്തിപ്പിനായുള്ള വിവിധ കമ്മറ്റികൾ പ്രവർത്തിച്ചു വരുന്നതായി കെസിബിസി വക്താവ് ഫാ തോമസ് തറയിൽ പറഞ്ഞു.

## സ്പോട്സ് കൗൺസിൽ: ഡോ ജെ ജേക്കബ് ജില്ലാ പ്രസിഡന്റ്

**കൊച്ചി:** എറണാകുളം ജില്ലാ സ്പോർട്സ് കൗൺസിലിലേക്ക് 2025-2030 വർഷത്തേക്കുള്ള ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് പൊതുയോഗം കടവന്ത്ര രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ ചേർന്നു. ഡോ. ജെ. ജേക്കബ് (പ്രസിഡന്റ്), എ. ആർ. രഞ്ജിത് ( വൈസ് പ്രസിഡന്റ്), വി. എ. സക്കീർ ഹുസൈൻ (സംസ്ഥാന സ്പോട്സ് കൗൺസിൽ ജില്ലാ പ്രതിനിധി) എന്നിവർ എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടു.



# അമൃതയിൽ ദാസ്താൻ ഫെസ്റ്റിവലിന് തിരശീല വീണു

**ബാംഗ്ലൂർ:** എഞ്ചിനീയറിംഗ് മാനേജ്മെന്റ് മേഖലകളിലെ പ്രതിഭകളെ കണ്ടെത്താനായി അമൃത വിശ്വ വിദ്യാപീഠം ബാംഗ്ലൂർ ക്യാംപസിൽ നടത്തിയ ദാസ്താൻ ത്രിദിന ഫെസ്റ്റിവൽ സമാപിച്ചു. പൂജാ ചടങ്ങുകളോടെ ദാസ്താന് ആഘോഷങ്ങൾക്ക് തുടക്കമായി.

സ്വാമി നിഷ്കാമാമൃത ചൈതന്യ പൂജക്ക് നേതൃത്വം നൽകി. പുതു ലോകമെന്ന ആശയത്തെ അടിസ്ഥാനമാക്കി ഒരുക്കിയ ദാസ്താനിന്റെ ഈ വർഷത്തെ പതിപ്പിൽ നിരവധി ശിൽപ്പശാലകളും പരിശീലന പരിപാടികളും മത്സരങ്ങളും സംഘടിപ്പിച്ചിരുന്നു. ആദ്യ ദിനത്തിൽ ഹാക്ക് യുവർ ലൈഫ് ഹാക്കത്തോൺ, ചെയിൻ റിയാക്ഷൻ ചലഞ്ച് എന്നിവ പ്രേക്ഷക ശ്രദ്ധ നേടി. ദൈനം ദിന ജീവിതത്തിലെ യഥാർത്ഥ പ്രശ്നങ്ങൾക്ക് സാങ്കേതിക വിദ്യയുടെയും എഐയുടെയും സഹായത്തോടെ ഉത്തരങ്ങൾ വിദ്യാർത്ഥികൾ ഹാക്കത്തോണിൽ കണ്ടെത്തി. ഫെസ്റ്റിവലിന്റെ രണ്ടാം ദിനം വിദ്യാർത്ഥികൾക്ക് ഫോട്ടോഗ്രാഫിയുടെ സാങ്കേതിക മേഖലകളെ പരിചയപ്പെടുത്തിയ പിക്സൽസ് ആൻഡ് പേഴ്സ്പെക്ടീവ് ശിൽപ്പശാലയിൽ വിദേശ രാജ്യങ്ങളിൽ നിന്നുള്ള വിദഗ്ദർ പങ്കെടുത്തു. വിദ്യാർത്ഥികളിൽ ആവേശമുയർത്തിയ റോബോ വാറിനും ദാസ്താൻ രണ്ടാം ദിനം വേദിയായി. സംസ്ഥാനത്തിന്റെ അകത്തും പുറത്തുനിന്നുമായി നിരവധി വിദ്യാർത്ഥികളാണ് ദാസ്താനിൽ പങ്കെടുക്കാൻ അമൃത വിശ്വ വിദ്യാപീഠം ബാംഗ്ലൂർ ക്യാമ്പസിൽ എത്തിയത്. പിന്നണി ഗായകൻ കാർത്തികിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്കായി സംഗീത വിരുന്നും സമാപന ദിനത്തിൽ ഒരുക്കിയിരുന്നു.




# ധീവര സഭ പ്രതിഷേധ സംഗമം നടത്തി

**കൊച്ചി:** മൽസ്യമേഖലയിലെ വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്നാവശ്യപ്പെട്ട് ധീവര സഭ എറണാകുളം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ധർണയും പ്രതിഷേധ സംഗമവും നടത്തി. എറണാകുളം ജിഡ ഓഫിസിനു മുന്നിൽ നടത്തിയ ധർണ്ണ ധീവര സഭ സംസ്ഥാന പ്രസിഡന്റ് എം.വി വാരിജാക്ഷൻ ഉദ്ഘാടനം ചെയ്തു.

തുടർന്ന് പ്രവർത്തകർ കേന്ദ്രസർക്കാർ സ്ഥാപനമായ സിഎംഎഫ്ആർ ഐയ്ക്കു മുന്നിലേക്ക് പ്രകടനം നടത്തി. തുടർന്ന് നടന്ന പ്രതിഷേധ സംഗമം ധീവരസഭ സംസ്ഥാന ജനറൽ സെക്രട്ടറിയും മുൻ എംഎൽഎയുമായ വി. ദിനകരൻ ഉദ്ഘാടനം ചെയ്തു.

ധീവരസഭയെയും ധീവരസമുദായത്തിനെയും ദ്രോഹിക്കുന്നവരെയും അവഗണിക്കുന്നവരെയും തെരഞ്ഞെടുപ്പിൽ സഹായിക്കില്ലെന്ന് വി. ദിനകരൻ പറഞ്ഞു. ജില്ലാ പ്രസിഡന്റ് കെ.വി സാബു അധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറിമാരായ കെ. കെ തമ്പി, പി.എം സുഗതൻ, ടി. കെ സോമനാഥൻ, പി.കെ കാർത്തികേയൻ, ജി. രാജൻ, പി.എസ് ഷമി, കെ. സി ഗോപാലകൃഷ്ണൻ, ടി. എസ് സനിൽകുമാർ, വി. വി ശിവപ്രസാദ്, വി. ആർ സുനിൽകുമാർ, രസ്ന ശശിധരൻ, ലീന സുനിൽ, ബിജുമോൻ, പി. ജെ രാജേഷ്, ജില്ലാ സെക്രട്ടറി എ.വി ഷാജി, മണി കാവുങ്കൽ, മഞ്ജുള നടരാജൻ തുടങ്ങിയവർ സംസാരിച്ചു.

# ലാപ്ടോപ്പ് തകരാറിലായി; പഠനം മുടങ്ങിയ വിദ്യാർത്ഥിക്ക് നഷ്ടപരിഹാരം നൽകണമെന്ന് ഉപഭോക്തൃ കോടതി

**കൊച്ചി:** തുടർച്ചയായി തകരാറിലാകുന്ന ലാപ്ടോപ്പിന്റെ തകരാർ പരിഹരിച്ച് നൽകാത്ത കമ്പനിയും ഡീലറും നഷ്ടപരിഹാരം നൽകണമെന്ന് എറണാകുളം ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കോടതി. മൂവാറ്റുപുഴ സ്വദേശിയും ബയോമെഡിക്കൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥിയുമായ എബ്രഹാം പോൾ നൽകിയ പരാതിയിലാണ് ഉത്തരവ്.

പഠനാവശ്യത്തിനായി 2022 ജൂലൈ മാസത്തിൽ വാങ്ങിയ ലാപ്ടോപ്പിന് വാങ്ങി കുറഞ്ഞ സമയത്തിനുള്ളിൽ തന്നെ ട്രാക്ക്പാഡ്, മദർബോർഡ് തുടങ്ങിയ പ്രധാന ഭാഗങ്ങളിൽ തകരാറുകൾ സംഭവിക്കുകയും, കമ്പനിയുടെ സർവീസുകൾ ഫലപ്രദമാകാതിരിക്കുകയും ചെയ്തത് ചൂണ്ടിക്കാട്ടിയാണ് ഉപഭോക്താവ് കോടതിയെ സമീപിച്ചത്. പലതവണ സർവീസ് ചെയ്തിട്ടും പ്രശ്നം പരിഹരിക്കാൻ കഴിയാതിരുന്നതും, പ്രധാന സ്പെയർ പാർട്സുകൾ ലഭ്യമല്ല എന്ന് കമ്പനി സൂചിപ്പിച്ചതും സേവനത്തിലെ ഗുരുതരമായ വീഴ്ചയും അന്യായമായ വ്യാപാരരീതിയുമാണെന്ന് ഡി. ബി. ബിനു അധ്യക്ഷനും വി രാമചന്ദ്രൻ, ശ്രീവിദ്യ ടി.എൻ എന്നിവർ അംഗങ്ങളുമായ ബെഞ്ച് കണ്ടെത്തി.

പ്രൊഫഷണൽ പഠന ആവശ്യങ്ങൾക്കായി വാങ്ങിയ ഉപകരണം തുടർച്ചയായ തകരാറുകൾ കാരണം ഉപയോഗിക്കാൻ കഴിയാതെ വന്നത് ഉപഭോക്താവിന്റെ പഠനം ബുദ്ധിമുട്ടിലാക്കുകയും ഇത് മാനസിക പ്രയാസങ്ങൾക്കും അസൗകര്യങ്ങൾക്കും ഇടയാക്കിയെന്ന് കോടതി നിരീക്ഷിച്ചു. തകരാറിലായ ലാപ്ടോപ് തിരികെ എടുത്ത്, ലാപ്ടോപ്പിന്റെ വിലയായ 1,14,000/ (ഒരു ലക്ഷത്തി പതിനാലായിരം) രൂപ തിരികെ നൽകാനും മാനസിക ബുദ്ധിമുട്ടിനും അസൗകര്യങ്ങൾക്കും ഇരുപതിനായിരം രൂപയും കോടതി ചെലവായി 5,000/ രൂപയും 45 ദിവസത്തിനകം നൽകണമെന്ന് എതിർകക്ഷികൾ പരാതിക്കാരന് നൽകണമെന്ന് കോടതി ഉത്തരവിട്ടു. പരാതിക്കാരന് വേണ്ടി അഡ്വ. ടോം ജോസഫ് കോടതിയിൽ ഹാജരായി.

# ക്ഷീര വികസന രംഗത്ത് കേരളം പുരോഗതിയുടെ പാതയിലെന്ന് മന്ത്രി ജെ. ചിഞ്ചു റാണി

**കൊച്ചി:** കേരളത്തിന്റെ ക്ഷീര വികസന രംഗം വലിയ പുരോഗതിയാണ് കൈവരിക്കുന്നതെന്ന് ക്ഷീരവികസന വകുപ്പ് മന്ത്രി ജെ ചിഞ്ചു റാണി പറഞ്ഞു.

പിറവം നഗരസഭ മുളക്കുളം നോർത്ത് വെറ്റിനറി ഡിസ്പെൻസറി കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു ചിഞ്ചു. ക്ഷീര ഉത്പാദനത്തിൽ കേരളം പഞ്ചാബിന് പിന്നാലെ രണ്ടാം സ്ഥാനത്ത് നിൽക്കുന്നു. പഞ്ചാബ് ശരാശരി 14.67 ലിറ്റർ പാൽ ഉത്പാദിപ്പിക്കുമ്പോൾ, കേരളത്തിൽ 10.79 ലിറ്റർ വരെയായി ഉയർന്നു കഴിഞ്ഞു. സംസ്ഥാനത്ത് 95 ശതമാനവും സങ്കരയിനം പശുക്കളായതിനാലാണ് ഉത്പാദനക്ഷമതയിൽ ഈ വളർച്ച സാധ്യമായതെന്നും മന്ത്രി പറഞ്ഞു. പാലിന്റെ ഉത്പാദനം വർദ്ധിപ്പിക്കാനും, നിലവിലുള്ള പശുക്കളുടെ പ്രജനന ശേഷി കൂട്ടാനും തീറ്റയുടെ ഗുണമേന്മ മെച്ചപ്പെടുത്താനുമുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. സന്തുലിത തീറ്റയും ശരിയായ പരിചരണവും നൽകി ഉത്പാദനം ഇരട്ടിയാക്കാൻ കഴിയുമെന്ന് വ്യക്തിപരമായ അനുഭവം പങ്കുവെച്ച് മന്ത്രി വ്യക്തമാക്കി.

മൃഗസംരക്ഷണ രംഗത്ത് വിഷൻ 2031 പദ്ധതിയുടെ ഭാഗമായി ക്ഷീരവികസന മേഖലയിൽ ആധുനികമായ മാറ്റങ്ങൾ കൊണ്ടുവരാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. പശുക്കളുടെ രോഗചികിത്സാസേവനങ്ങൾ കൂടുതൽ എളുപ്പമാക്കുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്റർ മുഖേന ഡോക്ടർമാരുടെ സേവനം വീട്ടുമുറ്റത്തേക്ക് എത്തിക്കുന്ന പദ്ധതിയും ആരംഭിക്കാൻ സാധിച്ചത് വലിയൊരു നേട്ടമാണ്. ജില്ലാതലത്തിൽ സർജറി യൂണിറ്റുകളും ആംബുലൻസ് സംവിധാനങ്ങളും ശക്തിപ്പെടുത്തിയിട്ടുണ്ടെന്നും മന്ത്രി സൂചിപ്പിച്ചു.

മൃഗാശുപത്രികളിലെ സേവനങ്ങളെയും തീറ്റ ഉത്പാദനത്തെയും നിയന്ത്രിക്കാൻ പുതിയ നിയമങ്ങളും ചട്ടങ്ങളും സംസ്ഥാനത്ത് നിലവിൽ വന്നിട്ടുണ്ടെന്നും, നിലവിലുള്ള തീറ്റ ഉത് പാദന കമ്പനികൾ ഗുണനിലവാരത്തിൽ വീഴ്ച വരുത്തിയാൽ കർശന നടപടി സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു.

പക്ഷിപ്പനിയും പന്നിപ്പനിയും മൂലം നഷ്ടം നേരിട്ട കർഷകർക്ക് സർക്കാരിന്റെ ഭാഗത്ത് നിന്നും അടിയന്തര ധനസഹായം നൽകിവരുകയാണെന്നും, ഇതിനായി സംസ്ഥാന ഫണ്ടിൽ നിന്നു പ്രത്യേകമായി തുക മാറ്റി വെച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

അഡ്വ. അനൂപ് ജേക്കബ് എംഎൽഎ അധ്യക്ഷനായ ചടങ്ങിൽ പിറവം നഗരസഭ ചെയർപേഴ്സൺ അഡ്വ. ജൂലി സാബു, വൈസ് ചെയർപേഴ്സൺ കെ.പി സലിം, നഗരസഭ ആരോഗ്യകാര്യ സ്ഥിരം സമിതി അധ്യക്ഷ ഷൈനി ഏലിയാസ്, നഗരസഭ മരാമത്ത് സ്ഥിരം സമിതി അധ്യക്ഷൻ ബിമൽ ചന്ദ്രൻ, നഗരസഭ വിദ്യാഭ്യാസ കലാ കായിക സ്ഥിരം സമിതി അധ്യക്ഷ വത്സല വർഗീസ്, നഗരസഭ വാർഡ് കൗൺസിലർമാർ, പിറവം നഗരസഭാ സെക്രട്ടറി വി. പ്രകാശ് കുമാർ, പിറവം സീനിയർ വെറ്ററിനറി സർജൻ ഡോ. രജിത പിള്ളെള, മുളക്കുളം നോർത്ത് വെറ്ററിനറി സർജൻ ഡോ. അനീഷ മുഹമ്മദ്, പിറവം സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് സി. കെ. പ്രകാശ്, പാലച്ചുവട് ക്ഷീരസംഘം പ്രസിഡന്റ് അഡ്വ.കെ. എൻ ചന്ദ്രശേഖരൻ, ക്ഷീരകർഷകർ തുടങ്ങിയവർ ചടങ്ങിന്റെ ഭാഗമായി. സെമിനാറിൽ പങ്കെടുത്തവരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട മൂന്നു പേർക്ക് ഒരു ചാക്ക് കാലിത്തീറ്റയും വൈറ്റമിൻ സപ്ലിമെന്റും ചടങ്ങിൽ സൗജന്യമായി നൽകി.




# ഐമെട്രോ ഓപ്പറേഷൻസ് വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന് കൊച്ചിയിൽ തുടക്കം

**കൊച്ചി:** ഇന്ത്യൻ മെട്രോ റെയിൽ ഓർഗനൈസേഷൻ സൊസൈറ്റി (ഐ മെട്രേ)യുടെ രണ്ടാമത്തെ ഓപ്പറേഷൻസ് വർക്കിംഗ് യോഗം കൊച്ചിയിൽ തുടങ്ങി. രാജ്യത്തിന്റെ നഗര റെയിൽ അടിസ്ഥാന സൗകര്യ വികസനത്തെ കൂടുതൽ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിക്കുന്ന യോഗം കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ലോകനാഥ് ബെഹ്റ ഉദ്ഘാടനം ചെയ്തു.

രാജ്യത്തെ മെട്രോകൾ തമ്മിലുള്ള ഏകോപനത്തിന്റെ പ്രാധാന്യം എടുത്തുകാട്ടിയ ലോക് നാഥ് ബെഹ്റ ഇന്ന് ലോകം പരസ്പരം ബന്ധിതമായിരിക്കുമ്പോൾ, ഇന്ത്യൻ മെട്രോകൾ തമ്മിലുള്ള സഹകരണം അത്യാവശ്യമാകുന്നു എന്നും കമ്മ്യൂണിക്കേഷൻ, സിഗ്നലിംഗ് സംവിധാനങ്ങളെ ശത്രുസംഘങ്ങളുടെ സൈബർ ആക്രമണങ്ങളിൽ നിന്ന് സംരക്ഷിക്കാനുള്ള ഏകീകൃത തന്ത്രം അത്യാവശ്യമാണെന്നും ചൂണ്ടിക്കാട്ടി. ഡൽഹി, കൊച്ചി, ബംഗളൂരു, ചെന്നൈ, നാഗ്പൂർ, പൂനെ, നോയ്ഡ, ജയ്പൂർ, മുംബൈ, ഗുജറാത്ത്, യു.പി. മെട്രോ, നാഷണൽ കാപിറ്റൽ റീജിയൻ ട്രാൻസ്പോർട്ട് കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നുള്ള 20 ഓപ്പറേഷൻസ് വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളാണ് യോഗത്തിൽ പങ്കെടുക്കുന്നത്. രാജ്യത്തെ വിവിധ മെട്രോകൾ ഓപ്പറേഷൻസുമായി ബന്ധപ്പെട്ട് നേരിടുന്ന പൊതു വെല്ലുവിളികൾ പരിഹരിക്കുക, മികച്ച പ്രവർത്തന രീതി പങ്കുവെക്കുക, സുരക്ഷയും വിശ്വാസ്യതയും ഉറപ്പാക്കുന്ന ഏകീകൃത നയങ്ങൾ രൂപപ്പെടുത്തുക തുടങ്ങിയവയാണ് യോഗത്തിന്റെ ലക്ഷ്യം.

ഉദ്ഘാടന ചടങ്ങിൽ കൊച്ചി മെട്രോ ഡയറക്ടർ (പ്രോജക്റ്റ്സ്) ഡോ. റാം നവാസ്, ചീഫ് ജനറൽ മാനേജർ (ഓപ്പറേഷൻസ് ആൻഡ് മെയിന്റനൻസ്) മണികണ്ഠൻ എ, സീനിയർ ഡെപ്യൂട്ടി ജനറൽ മാനേജർ തലോജു സായികൃഷ്ണ, ഡെൽഹി മെട്രോ ജനറൽ മാനേജരും (ഓപ്പറേഷൻസ്) ഐമെട്രോ ഗ്രൂപ്പ് ലീഡറുമായ രമൺ ഗോയൽ എന്നിവർ പങ്കെടുത്തു.

# അനു മെൻഡ കൊച്ചിമുസിരിസ് ബിനാലെയുടെ പ്ലാറ്റിനം ബെനഫാക്ടർ



**കൊച്ചി:** ആർ.എം.ഇസഡ്. ഫൗണ്ടേഷൻ (ആർഎംഇസെഡ്എഫ്) ചെയർപേഴ്സൺ അനു മെൻഡ കൊച്ചി ബിനാലെ ഫൗണ്ടേഷന്റെ (കെബിഎഫ്) പ്ലാറ്റിനം ബെനഫാക്ടർ ആയി. കെ.ബി.എഫിന്റെ പ്രവർത്തനങ്ങളിൽ അടുത്ത അഞ്ച് വർഷത്തെ സാമ്പത്തിക പിന്തുണ അവർ ഇതിലൂടെ നൽകുന്നു. കിരൺ നാടാർ, മറിയം റാം, ഷബാന ഫൈസൽ, സംഗീത ജിൻഡാൽ, അദീബ് അഹമ്മദ്, ഷെഫാലി വർമ്മ എന്നിവരടങ്ങുന്ന പ്ലാറ്റിനം ബെനഫാക്ടർമാരുടെ നിരയിലേക്കാണ് അവർ എത്തിച്ചേർന്നിരിക്കുന്നത്. ആർ.എം.ഇസെഡ് ഫൗണ്ടേഷന്റെ അദ്ധ്യക്ഷ എന്ന നിലയിൽ, കലയെ പൊതുനാഗരിക ഇടങ്ങളുമായി സമന്വയിപ്പിക്കുന്നതിന് വേണ്ടി നിരവധി പ്രവർത്തനങ്ങൾ അനു മെൻഡ നടത്തിയിട്ടുണ്ട്.

ഏഷ്യയിലെ ഏറ്റവും വലിയ സമകാലിക കലാമേള എന്ന നിലയിൽ, കൊച്ചിമുസിരിസ് ബിനാലെ(കെഎംബി) സർഗ്ഗാത്മകമായ ആവിഷ്കാരത്തിനും കൈമാറ്റത്തിനുമുള്ള സുപ്രധാന വേദിയായി വളർന്നു കഴിഞ്ഞെന്ന് അവർ ചൂണ്ടിക്കാട്ടി. സമകാലിക കലയെ പരിവർത്തനം ചെയ്ത് മുന്നോട്ട് കൊണ്ടുപോകുന്നതിനും, സാംസ്കാരികമായ സംയോജനം പ്രോത്സാഹിപ്പിക്കുന്നതിനും കെഎംബി നൽകുന്ന സംഭാവനകൾ വലുതാണെന്ന് അനു മെൻഡ പറഞ്ഞു.

അനു മെൻഡ ബിനാലെയ്ക്ക് നൽകുന്ന പിന്തുണ കൃതജ്ഞതയോടെ സ്വീകരിക്കുന്നുവെന്ന് കെബിഎഫ് സിഇഒ തോമസ് വർഗീസ് പറഞ്ഞു.

കലാപരമായ കൊടുക്കൽ വാങ്ങൽ, വിജ്ഞാന വർധനം, സാംസ്ക്കാരിക പൈതൃകം സംരക്ഷിക്കൽ എന്നിവയ്ക്കുള്ള ഇടം ഒരുക്കുന്നതിൽ ബിനാലെ നൽകി വരുന്ന വിശ്വാസം കാത്തു സൂക്ഷിക്കാൻ ഈ പിന്തുണ സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ബിനാലെയുടെ ആറാം പതിപ്പ് 2025 ഡിസംബർ 12ന് ആരംഭിച്ച് 2026 മാർച്ച് 31 ന് അവസാനിക്കും.

# ജിഎസ്ടി ഇളവ്: ഓഫറുകളുമായി ഇഞ്ചിയോൺ കിയ

**കൊച്ചി:** ജിഎസ്ടി 2.0 പ്രകാരമുള്ള കുറഞ്ഞ തീരുവയുടെ ആനുകൂല്യങ്ങളോടൊപ്പം ഒക്ടോബർ മാസത്തെ പ്രത്യേക ഓഫറുകളും പ്രഖ്യാപിച്ച് ഇഞ്ചിയോൺ കിയ. സൺറൂഫ്, വയർലെസ്സ് ആൻഡ്രോയിഡ് ഓട്ടോ, ആപ്പിൾ കാർപ്ലേയോട് കൂടിയ 8 ഇഞ്ച് ടച്ച്സ്ക്രീൻ എന്നിങ്ങനെ നിരവധി ഫീച്ചറുകളുള്ള കിയ സോണറ്റ് മോഡൽ ഇനി 10 ലക്ഷം രൂപയ്ക്ക് താഴെ ഓൺ റോഡ് നിരക്കിൽ സ്വന്തമാക്കുവാൻ ഈ സ്പെഷ്യൽ ഓഫർ കാലയളവിൽ ഉപഭോക്താക്കൾക്ക് സാധിക്കുമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

പുതുക്കിയ ജിഎസ്ടി പരിഷ്ക്കരണങ്ങൾ പ്രകാരം 1.64 ലക്ഷം രൂപവരെയുള്ള ആനുകൂല്യങ്ങളും, അതോടൊപ്പം 58,750 രൂപ വരെയുള്ള ഇഞ്ചിയോൺ കിയയുടെ പ്രത്യേക ആനുകൂല്യങ്ങളും ഇപ്പോൾ കിയ സോണറ്റ് സ്വന്തമാക്കുവാൻ ആഗ്രഹിക്കുന്നവർക്ക് ലഭിക്കും.



1.86 ലക്ഷം രൂപ വരെയാണ് കിയ സിറോസിന് ജിഎസ്ടി ആനുകൂല്യങ്ങൾ ലഭിക്കുക.

കൂടാതെ, 88,260 രൂപ വരെയുള്ള അധിക ആനുകൂല്യങ്ങളും ഇഞ്ചിയോൺ വാഗ്ദാനം ചെയ്യുന്നു. സെൽറ്റോസ് മോഡലിന് 75,372 രൂപ വരെയുള്ള ജിഎസ്ടി ആനുകൂല്യങ്ങളും, ഒപ്പം 96,440 രൂപ വരെയുള്ള പ്രത്യേക ആനുകൂല്യങ്ങളും ലഭ്യമാകും.

ജിഎസ്ടി ഇളവും മറ്റ് പ്രത്യേക ആനുകൂല്യങ്ങളുമായി 70,000 രൂപയ്ക്ക് മുകളിൽ ഇളവ് കാരൻസിനും ലഭിക്കും. ക്ലാവിസ് പെട്രോൾ, ഡീസൽ മോഡലുകൾക്ക് 78,674 രൂപ വരെ ജിഎസ്ടി ഇളവും, 83,625 രൂപ വരെ പ്രത്യേക ഓഫറും ലഭ്യമാണ്. കിയ കാർണിവലിന് 4.48 ലക്ഷം രൂപ വരെയാണ് ജിഎസ്ടി ആനുകൂല്യങ്ങൾ ലഭിക്കുക, ഒപ്പം 1.52 ലക്ഷം രൂപ വരെ പ്രത്യേക ആനുകൂല്യങ്ങളും ലഭ്യമാണ്.

തിരുവനന്തപുരം മുതൽ കോഴിക്കോട് വരെ ഉള്ള ഇഞ്ചിയോൺ കിയയുടെ എല്ലാ ഡീലർഷിപ്പുകളിലും ഈ ഓഫറുകൾ ഉപഭോക്താക്കൾക്ക് ലഭ്യമാണ്.


# ഇൻ്റഗ്രിസ് മെഡ്ടെക് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** എവർസ്റ്റോൺ ക്യാപിറ്റൽ പിന്തുണയ്ക്കുന്ന മെഡിക്കൽ ടെക്നോളജി കമ്പനിയായ ഇൻ്റഗ്രിസ് മെഡ്ടെക് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് പ്രാഥമിക രേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. ഒരു രൂപ മുഖവിലയുള്ള 925 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും പ്രമോട്ടർമാരുടെ 21,674,531 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 185 കോടി രൂപയുടെ പ്രീ ഐപിഒ പ്ലേസ്മെൻറും കമ്പനിയുടെ പരിഗണയിലുണ്ട്. ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ്, സിറ്റിഗ്രൂപ്പ് ഗ്ലോബൽ മാർക്കറ്റ്സ്, ഐഐഎഫ്എൽ ക്യാപിറ്റൽ സർവീസസ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

## അപേക്ഷകൾ ക്ഷണിച്ചു

**കൊച്ചി:** ഭാരതീയ വിദ്യാഭവന്റെ എസ്.പി ജെയിൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് റിസർച്ച് (എസ്പിജെഐഎംആർ) 2026 ഫെബ്രുവരിയിൽ ആരംഭിക്കുന്ന പോസ്റ്റ് ഗ്രാജുവേറ്റ് പ്രോഗ്രാം ഇൻ ഡെവലപ്മെന്റ് മാനേജ്മെന്റിന്റെ (പിജിപിഡിഎം) 27ആം ബാച്ചിലേക്കുള്ള 2027ലെ ക്ലാസ് അപേക്ഷകൾ ക്ഷണിച്ചു. അന്താരാഷ്ട്രതലത്തിൽ ഇക്യുയുഐഎസ്, എഎസിഎസ്ബി, എഎംബിഎ എന്നിവയുടെ അംഗീകാരം നേടിയ ഇന്ത്യയിലെ ഏക ഡവലപ്മെന്റ് മാനേജ്മെന്റ് പ്രോഗ്രാമായ പിജിപിഡിഎം സാമൂഹിക മേഖലയിൽ പ്രവർത്തിക്കുന്ന പ്രൊഫഷണലുകൾക്കായി അക്കാദമിക് കാഠിന്യവും പ്രായോഗിക പഠനവും സംയോജിപ്പിച്ച് രൂപകൽപ്പന ചെയ്തിരിക്കുന്നതാണെന്ന് അധികൃതർ വ്യക്തമാക്കി.

## കേരള ട്രാവൽ മാർട്ട്: പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു



ജോസ് പ്രദീപ്, എസ്. സ്വാമിനാഥൻ

**കൊച്ചി:** കേരള ട്രാവൽ മാർട്ട് (കെടിഎം) സൊസൈറ്റിയുടെ 25മത് വാർഷിക പൊതുയോഗം ജോസ് പ്രദീപിനെ പ്രസിഡന്റായും എസ്. സ്വാമിനാഥനെ സെക്രട്ടറിയായും വീണ്ടും തിരഞ്ഞെടുത്തു. സി.ഹരികുമാർ (വൈസ് പ്രസിഡന്റ്), ജോബിൻ ജോസഫ് (ജോയിന്റ് സെക്രട്ടറി), ജിബ്രാൻ ആസിഫ് (ട്രഷറർ) എന്നിവരാണ് മറ്റു ഭാരവാഹികൾ. മാനേജിംഗ് കമ്മിറ്റി അംഗങ്ങളായി പി. കെ കൃഷ്ണചന്ദ്രൻ, വി. വിനോദ്, പ്രസാദ് മഞ്ഞാലി, ജെ. മൈക്കിൾ ഡൊമിനിക്, ജനേഷ്, പി. വി മനു, രഞ്ജു ജോസഫ്, ജോസ് എബ്രഹാം, മരിയ റോഡ്രിഗസ്, ലളിത് വിശ്വകുമാർ, കെ. ആർ വഞ്ചീശ്വരൻ, എസ്. ജയകുമാർ എന്നിവരെയും യോഗം തിരഞ്ഞെടുത്തു.

## നേത്രരോഗവിദഗ്ധർക്കായി വിദ്യാഭ്യാസ ശിൽപശാല സംഘടിപ്പിച്ചു

**കൊച്ചി:** കേരള ഓഫ്താൽമിക് സർജൻമാരുടെ സംഘടനയും കൊച്ചി അമൃത ആശുപത്രിയും ചേർന്ന് നേത്രരോഗവിദഗ്ധർക്കായി വിദ്യാഭ്യാസ ശിൽപ്പശാല സംഘടിപ്പിച്ചു. 200ലധികം ഡോക്ടർമാർ പങ്കെടുത്ത ശിൽപ്പശാല രോഗപരിചരണത്തിലെ വിവിധ മേഖലകളായ രോഗനിർണയം മുതൽ ചികിത്സ മാർഗങ്ങളെ കുറിച്ച് വരെ ചർച്ച ചെയ്തു.

പരിപാടി കേരള സൊസൈറ്റി ഓഫ് ഒഫ്ത്താൽമിക് സർജൻസ് സെക്രട്ടറി ഡോ. ബിജു ജോൺ ഉദ്ഘാടനം ചെയ്തു. വിദ്യാഭ്യാസ സെഷനുകൾ ഡോ. രാജശേഖർ (ചെന്നൈ), കൊച്ചി അമൃത ആശുപത്രി ഓഫ്താൽമോളജി വിഭാഗം മേധാവി ഡോ. ഗോപാൽ പിള്ള, സയന്റിഫിക് കമ്മിറ്റി ചെയർമാൻ ഡോ. വി.എ. ബാസ്റ്റിൻ , തൃശൂർ മെഡിക്കൽ കോളേജ് ഓഫ്താൽമോളജി വിഭാഗം മേധാവി ഡോ. വി. സുധ എന്നിവർ നയിച്ചു. യുവ നേത്രവിദഗ്ധരുടെ രോഗനിർണയ, ചികിത്സാ, ക്ലിനിക്കൽ മികവുകൾ വർധിപ്പിക്കുകയും രോഗപരിചരണ രംഗത്ത് അവരെ കൂടുതൽ ശക്തരാക്കുകയും ചെയ്യുന്നതിനായി ഈ വർഷം സംഘടിപ്പിച്ച ആറാമത്തെയും അവസാനത്തെയും പരിപാടിയായിരുന്നു ഇത്. 25 ലധികം ഫാക്കൽറ്റി അംഗങ്ങൾ പ്രഭാഷണങ്ങൾ നടത്തി.

## റിലയൻസ് ജിയോ ടെക്നീഷ്യന്മാരെ തേടുന്നു

**കൊച്ചി:** റിലയൻസ് ജിയോ, ഒക്ടോബർ 16,17,18 തീയതികളിലായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും എഞ്ചിനീയർമാരെ /ടെക്നീഷ്യന്മാരെ റിക്രൂട്ട് ചെയ്യുന്നു. താൽപര്യം ഉള്ള ഉദ്യോഗാർത്ഥികൾക്ക് 9249095815/ 7306424644 നമ്പറിൽ വിളിക്കാം.

പോളിടെക്നിക്, ഐ ടി ഐ, എഞ്ചിനീയറിംഗ് ബിരുദധാരികൾക്ക് പങ്കെടുക്കാം. 30 വയസ്സ് വരെയുള്ളവർക്ക് അപേക്ഷിക്കാം. ഡ്രൈവിങ് ലൈസൻസും ടുവീലറും ഉണ്ടായിരിക്കണം

# ഹൈബ്രിഡ് ഫോൺ അവതരിപ്പിച്ച് എച്ച്എംഡി


**കൊച്ചി:** ഹ്യൂമൻ മൊബൈൽ ഡിവൈസസ് (എച്ച്എംഡി) ഇന്ത്യയിലെ ആദ്യത്തെ ഹൈബ്രിഡ് ഫോണായ എച്ച്എംഡി ടച്ച് 4ജി അവതരിപ്പിച്ചു. ഈ രംഗത്ത് പുതിയ വിപ്ലവത്തിന് തുടക്കമിട്ടുള്ള ഈ മോഡൽ ഒക്ടോബർ 9 മുതൽ ലഭ്യമാകും. സ്മാർട്ട്ഫോണുകൾക്ക് മാത്രം ഉണ്ടായിരുന്ന ഫീച്ചറുകൾ ഉൾപ്പെടുത്തി, ദശലക്ഷക്കണക്കിന് ഇന്ത്യക്കാർക്ക് ഡിജിറ്റൽ അന്തരം കുറയ്ക്കുന്നതിനായി രൂപകൽപന ചെയ്ത ഹൈബ്രിഡ് ഫോണിന് 3,999 രൂപ മാത്രമാണ് വില.

സ്മാർട്ട്ഫോൺ സവിശേഷതകൾ ഫീച്ചർ ഫോണിന്റെ വിലയിൽ ലഭ്യമാവാൻ ആഗ്രഹിക്കുന്ന വിദ്യാർഥികൾ, സാധാരണ ജോലിക്കാർ എന്നിവരുൾപ്പെടെയുള്ള പുതിയ തലമുറയിലെ ഡിജിറ്റൽ ഉപയോക്താക്കൾക്കായാണ് എച്ച്എംഡി ടച്ച് 4ജി രൂപകൽപന ചെയ്തിരിക്കുന്നതെന്ന് എച്ച്എംഡിയുടെ ഇന്ത്യ, എപിഎസി, എഎൻഇസെഡ് വൈസ് പ്രസിഡന്റും സിഇഒയുമായ രവി കുൻവർ പറഞ്ഞു. ശക്തമായ എസ്30 പ്ലസ് ടച്ച് പ്ലാറ്റ്ഫോമിൽ പ്രവർത്തിക്കുന്ന സുഗമവും ലളിതവുമായ ടച്ച്സ്ക്രീൻ ഇന്റർഫേസാണ് ഫോണിന്. ക്രിക്കറ്റ് സ്കോറുകൾ, വാർത്തകൾ, കാലാവസ്ഥാ വിവരങ്ങൾ, എച്ച്ടിഎംഎൽ5 ഗെയിമുകൾ എന്നിവയുൾപ്പെടെയുള്ള വീഡിയോ, സോഷ്യൽ, യൂട്ടിലിറ്റി ആപ്ലിക്കേഷനുകളിലേക്ക് നേരിട്ട് ആക്സസ് ലഭ്യമാക്കുന്ന ക്ലൗഡ് ആപ്സ് സ്യൂട്ടാണ് പ്രധാന സവിശേഷത.




എക്സ്പ്രസ് ചാറ്റ് ആപ്പ് വഴി ഉപയോക്താക്കൾക്ക് ഏത് ആൻഡ്രോയിഡ്/ഐഒഎസ് സ്മാർട്ട്ഫോണിലേക്കും 13 ഭാഷകളിലായി വീഡിയോ കോളുകൾ ചെയ്യാനും വോയിസ് സന്ദേശങ്ങൾ അയയ്ക്കാനും ഗ്രൂപ്പ് ചാറ്റുകളിൽ പങ്കെടുക്കാനും കഴിയും. വൈഫൈ, വൈഫൈ ഹോട്ട്സ്പോട്ട് പിന്തുണയുമുണ്ട്. ഡ്യുവൽ ക്യാമറ, എസ്ഒഎസ് കീ, ഒരു വർഷത്തെ മാറ്റിവാങ്ങൽ ഗ്യാരണ്ടി, ബ്ലൂടൂത്ത്, ഇൻബോക്സ് ഫാസ്റ്റ് ചാർജറോടുകൂടിയ 2000 എംഎഎച്ച് ബാറ്ററി, പ്രൊട്ടക്റ്റീവ് ജെല്ലി കവർ, വയർലെസ്/വയേർഡ് എഫ്എം, എംപി3 പ്ലെയർ, ടൈപ്പ്സി ചാർജിങ്, ഫോൾഡർ മാനേജ്മെന്റോടുകൂടിയ ഓട്ടോ കോൾ റെക്കോർഡിങ്, ടച്ച് യുഐ എന്നിവയാണ് മറ്റു ഫീച്ചറുകൾ. സ്യാൻ, ഡാർക്ക് ബ്ലൂ എന്നീ രണ്ട് ആകർഷകമായ നിറങ്ങളിൽ പ്രമുഖ റീട്ടെയിൽ സ്റ്റോറുകൾ, പ്രധാന ഇകൊമേഴ്സ് പ്ലാറ്റ്ഫോമുകൾ, HMD.com എന്നിവ വഴി എച്ച്എംഡി ടച്ച് 4ജി വാങ്ങാമെന്നും അദ്ദേഹം വ്യക്തമാക്കി.

## ദീപക് താക്കൂർ ഹിന്ദുജ റിന്യൂവബിൾസ് മാനേജിങ് ഡയറക്ടർ



**കൊച്ചി:** ഹിന്ദുജ ഗ്രൂപ്പിന്റെ ഭാഗമായ ഹിന്ദുജ റിന്യൂവബിൾസ് എനർജി പ്രൈവറ്റ് ലിമിറ്റഡ് (എച്ച്ആർഇപിഎൽ) മാനേജിങ് ഡയറക്ടറും സിഇഒയുമായി ദീപക് താക്കൂറിനെ നിയമിച്ചു. പുനരുപയോഗം ചെയ്യാവുന്ന ഊർജ്ജം, അടിസ്ഥാന സൗകര്യം, വ്യാവസായിക ഉൽപന്നങ്ങൾ, ഇലക്ട്രോണിക്സ് എന്നീ രംഗങ്ങളിൽ മൂന്നു ദശാബ്ദത്തെ വൈവിധ്യമാർന്ന അനുഭവ സമ്പത്തുമായാണ് അദ്ദേഹം പുതിയ ചുമതലയിലെത്തുന്നത്. മഹീന്ദ്ര ഗ്രൂപ്പ്, റിലയൻസ്, സ്റ്റെർലിങ് ആൻറ് വിൽസൺ, എൽ ആൻറ് ടി, ഹണിവെൽ, തെർമാക്സ് തുടങ്ങിയവയിൽ വിവിധ തലങ്ങളിൽ അദ്ദേഹം പ്രവർത്തിച്ചിരുന്നു. സുമിത് പാണ്ഡേ സ്ഥാനമൊഴിഞ്ഞതിനെ തുടർന്നാണ് ദീപക് താക്കൂറിന്റെ നിയമനം. പുനരുപയോഗിക്കാവുന്ന ഊർജ്ജ മേഖലയിൽ നേതൃസ്ഥാനത്തേക്ക് എത്താനുള്ള തങ്ങളുടെ ശ്രമം തുടരുമ്പോൾ ദീപക്കിന്റെ നിയമനം നിർണായകമായിരിക്കുമെന്ന് ചെയർമാൻ ഷോം ഹിന്ദുജ പറഞ്ഞു.

## മൈ ബിസിനസ് ക്യു.ആർ അവതരിപ്പിച്ചു



**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ സ്വകാര്യ മേഖലാ ബാങ്കായ എച്ച്.ഡി.എഫ്.സി. ബാങ്ക് ഗ്ലോബൽ ഫിൻടെക് ഫെസ്റ്റ് (ജിഎഫ്എഫ്) 2025ൽ വച്ച് മൈ ബിസിനസ് ക്യു.ആർ.ലോഞ്ച് ചെയ്തു.

മൈ ബിസിനസ് ക്യു.ആർ ചെറുകിട ബിസിനസുകൾക്കായുള്ള ഇന്ത്യയിലെ ആദ്യത്തെ കൊമേഴ്സ് ഐഡൻറിറ്റി ക്യുആർ ആണ്. വ്യാപാരിഫൈയുമായി സഹകരിച്ചാണ് പുറത്തിറക്കിയിരിക്കുന്നത്. രാജ്യത്തുടനീളമുള്ള 2 ദശലക്ഷത്തിലധികം വ്യാപാരികൾ ഉപയോഗിക്കുന്ന വ്യാപാർ മർച്ചന്റ് ആപ്പിന്റെ വിപുലീകരണമാണെന്നും ഇവർ വ്യക്തമാക്കി.




## കൊച്ചിയിലെ പുതിയ ഐബിഎസ് ടാക്സി ഫ്ളീറ്റ്; ഡ്രൈവിംഗ് സീറ്റിൽ വനിതകൾ

**കൊച്ചി:** വനിതകൾക്ക് ടാക്സി ഡ്രൈവർമാരായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഐബിഎസ് സോഫ്റ്റ്‌വെയർ ആരംഭിച്ച സാമൂഹിക ഉത്തരവാദിത്ത (സി.എസ്.ആർ) സംരംഭമായ ഫ്യൂച്ചർപോയിന്റ് ക്യാബ്സ് മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്തു. ഈ സംരംഭത്തിന് കീഴിൽ, ഡ്രൈവിംഗ്, ആതിഥ്യമര്യാദ, സോഫ്റ്റ് സ്കില്ലുകൾ, സ്വയം പ്രതിരോധം എന്നിവയിൽ വനിതകൾക്ക് രണ്ട് മാസത്തെ സൗജന്യ പരിശീലനം കമ്പനി നൽകുന്നു.

പരിശീലനം പൂർത്തിയാക്കുകയും സാധുവായ ലൈസൻസ് നേടുകയും ചെയ്യുന്ന എല്ലാവർക്കും ഫ്യൂച്ചർപോയിന്റ് ക്യാബ്സിന്റെ ഡ്രൈവർ സർട്ടിഫിക്കറ്റ് ലഭിക്കും. ഐബിഎസ് സോഫ്റ്റ്‌വെയർ പുതിയ കാറുകൾ വാങ്ങിയാണ് ഈ സർട്ടിഫൈഡ് ഡ്രൈവർമാർക്ക് നൽകുന്നത്. നിലവിൽ പരിശീലനം കഴിഞ്ഞ 13 ഡ്രൈവർമാർക്ക് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്, കൊച്ചിയിൽ അവർ പത്ത് കാറുകൾ ഓപ്പറേറ്റ് ചെയ്യുന്നു. ഇൻഫോപാർക്കിലെ കൊച്ചിയിലെ ഐബിഎസ് സോഫ്റ്റ്‌വെയറിന്റെ കാമ്പസിൽ നടന്ന ചടങ്ങിൽ മന്ത്രി കാറുകൾ ഫ്ളാഗ് ഓഫ് ചെയ്തു. പരിശീലനത്തിനുള്ള അവസരങ്ങൾ ലഭിച്ചാൽ സമ്പദ്‌വ്യവസ്ഥയ്ക്ക് സംഭാവന നൽകാൻ കഴിവുള്ള, വിദ്യാസമ്പന്നരായ വീട്ടമ്മമാരുടെ നിര തന്നെ സംസ്ഥാനത്തുണ്ടെന്ന് മന്ത്രി പറഞ്ഞു. ഫ്യൂച്ചർപോയിന്റ് ക്യാബ്സ് എന്ന ഹ്രസ്വചിത്രം ഉമാ തോമസ് എം.എൽ.എ പ്രകാശനം ചെയ്തു.

യാത്രക്കാർക്ക് ടാക്സി ബുക്ക് ചെയ്യാൻ സൗകര്യമൊരുക്കുന്ന ഫ്യൂച്ചർപോയിന്റ് ക്യാബ്സ് ആപ്പ് ട്രാൻസ്പോർട്ട് കമ്മീഷണർ സി. നാഗരാജു പുറത്തിറക്കി. ജില്ലാ കളക്ടർ ജി. പ്രിയങ്ക, ഡിസിപി വി. മഹേഷ് എന്നിവരും ചടങ്ങിൽ പങ്കെടുത്തു. സമൂഹത്തിലെ സ്ത്രീകളുടെ വൈദഗ്ധ്യം, പ്രൊഫഷണലിസം, ആത്മവിശ്വാസം എന്നിവയ്ക്ക് സംഭാവന നൽകി അവരെ ശാക്തീകരിക്കാനുള്ള പ്രതിബദ്ധതയുടെ ഭാഗമാണിതെന്ന് ഐബിഎസ് സോഫ്റ്റ്‌വെയറിന്റെ എക്സിക്യൂട്ടീവ് ചെയർമാൻ വി.കെ. മാത്യൂസ് പറഞ്ഞു. നിലവിൽ, ഐബിഎസ് സോഫ്റ്റ്‌വെയറിലെ ജീവനക്കാരുടെ യാത്രാവശ്യങ്ങൾക്കായി കൊച്ചി നഗരത്തിൽ മാത്രമാണ് ഈ സേവനം പരിമിതപ്പെടുത്തിയിരിക്കുന്നത്. സമീപഭാവിയിൽ തന്നെ ഈ സംരംഭം ഗണ്യമായി വികസിപ്പിക്കാൻ കമ്പനി പദ്ധതിയിടുന്നു. നിലവിൽ 25 വനിതാ ഡ്രൈവർമാരുടെ പുതിയ ബാച്ചിന് കമ്പനി പരിശീലനം നൽകുന്നുണ്ട്. 2025 ഡിസംബറിൽ ആകെ 25 വാഹനങ്ങളുമായി കൊച്ചിയിലെ എല്ലാ കോർപ്പറേറ്റുകൾക്കും ഈ സേവനം ലഭ്യമാകും. 2026 പകുതിയോടെ ഈ സേവനം പൊതുജനങ്ങൾക്ക് ലഭ്യമാക്കും. വരും വർഷങ്ങളിൽ വാഹനങ്ങളുടെ എണ്ണം ആയിരമായി വർദ്ധിപ്പിക്കുകയാണ് ലക്ഷ്യം.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com